# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI (C)
സംസ്ഥാന കമ്മിറ്റി മുഖപത്രം

ഡിസംബർ 2021 | വാല്യം 48 ലക്കം 8 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 8 | വില 5.00 രൂപ


## കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള നവലിബറൽ നയങ്ങൾക്ക് തിരിച്ചടി



# ഉജ്ജ്വല വിജയംനേടി ചരിത്രം രചിച്ച് കർഷകപ്രക്ഷോഭം

**ഒരു വർഷത്തിലേറെ ഉശിരാർന്ന പോരാട്ടം നടത്തി രാജ്യത്തെ കർഷകർ ഐതിഹാസിക വിജയം കരസ്ഥമാക്കിയിരിക്കുന്നു. ദില്ലിയുടെ അതിർത്തികളിൽ ഒരു പുതുചരിത്രം രേഖപ്പെടുത്തിയ കർഷകസമരത്തിന്റെ വിജയവാർത്ത രാജ്യമെമ്പാടുമുള്ള മർദ്ദിത ജനങ്ങളിൽ ആവേശത്തിന്റെ പുളകമണിയിച്ചു. ഉന്നതമായ ജനാധിപത്യ മൂല്യങ്ങളോടെ ഒരു പ്രക്ഷോഭം എങ്ങിനെ സംഘടിപ്പിക്കപ്പെടണമെന്ന് രാജ്യത്തിനാകെ മാതൃക കാട്ടിയ സമരമായിരുന്നു അത്. പ്രക്ഷോഭം ഉയർത്തിയ ഡിമാന്റുകളിൽ സന്ധിയില്ല എന്നതായിരുന്നു കർഷക പ്രക്ഷോഭത്തിന്റെ മുഖമുദ്ര. നിശ്ചയദാർഢ്യമായിരുന്നു അതിന്റെ കരുത്ത്. ത്യാഗമനോഭാവമായിരുന്നു അതിന്റെ പ്രഭ. 'അനീതിയുടെ വെടിയുണ്ടകൾ ഒരൊറ്റ നിറയിലൂടെ അനേകരെ കൊല്ലുകയാണ്. അനീതി സഹിക്കുകയെന്നത് അപമാനകരമാണ്', ഈ വർഷാരംഭത്തിൽ സമരഭൂമിയിൽ ജിവൻ വെടിഞ്ഞ രാം സിംഗ് എന്ന സിഖ് പുരോഹിതൻ കുറിച്ച ഈ വാക്കുകൾ ദില്ലി കർഷക സമരത്തിന്റെ ഒന്നാകെയുള്ള വികാരമായിരുന്നു.**

### ജനങ്ങളെ ആത്മാഭിമാന പ്രചോദിതരാക്കിയ കർഷക സമരം സ്വതന്ത്രഭാരതത്തിന്റെ പ്രക്ഷോഭചരിത്രം തിരുത്തി എഴുതി

മോദി സർക്കാർ പാസ്സാക്കിയ കാർഷിക നിയമങ്ങൾ നടപ്പിലാക്കപ്പെട്ടാൽ പട്ടിണിമരണങ്ങളും കർഷക ആത്മഹത്യകളും നിത്യസംഭവമാകുമെന്ന് ഉറപ്പായതുകൊണ്ടാണ് വിജയം നേടിയല്ലാതെ തിരിച്ചുവരില്ല എന്ന തീരുമാനവുമായി കർഷകർ രാജ്യതലസ്ഥാനത്തേയ്ക്ക് മാർച്ച് ചെയ്തത്. തുടർന്ന് രാജ്യത്തിന്റെ ചരിത്രത്തിൽത്തന്നെ സമാനതകളില്ലാത്ത ഒരു പോരാട്ടത്തിന് ഇന്ത്യയുടെ തലസ്ഥാന നഗരി വേദിയായി. വൃദ്ധരും സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം പതിനായിരക്കണക്കിനാളുകളാണ് ഡൽഹി അതിർത്തിയിൽ മൂന്ന് കേന്ദ്രങ്ങളിലായി നിലയുറപ്പിച്ചത്. കോവിഡ് മഹാമാരിയിൽ രാജ്യം വിറങ്ങലിച്ചുനിന്നപ്പോൾ പോലും മരണംവരിക്കാൻ തയ്യാറായിവന്ന കർഷകർ ഒരു ചുവടു പോലും പുറകോട്ടുവച്ചില്ല. ഡൽഹിയിലെ കൊടുംചൂടും കൊടുംതണുപ്പും അവരുടെ പോരാട്ടവീര്യത്തിന് ഇളക്കമുണ്ടാക്കിയില്ല. കേന്ദ്രഗവണ്മെന്റിന്റെ അടിച്ചമർത്തലിനെയും ബിജെപി സംഘങ്ങളുടെ കുപ്രചാരണങ്ങളെയും പ്രകൃതിയുടെ പ്രതികൂലാവസ്ഥകളെയും ഒരേ സമയം നേരിട്ടുകൊണ്ടാണ് തികച്ചും ജനാധിപത്യപരമായി നടത്തപ്പെട്ട ഈ സമരം വിജയം നേടുന്നത്. മോദി ഗവണ്മെന്റ് കർഷക ക്ഷേമത്തിനെന്ന് വിളിച്ചുകൂവിക്കൊണ്ട് പാസ്സാക്കിയെടുത്ത മൂന്ന് കാർഷിക കരിനിയമങ്ങളും വൈദ്യുതിബിൽ-2020ഉം പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 2020 നവംബർ 26ന് പാർലമെന്റിലേക്ക് നടത്തിയ ട്രാക്ടർ റാലിയോടെയാണ് കർഷക സമരം ദേശീയശ്രദ്ധ പിടിച്ചുപറ്റിയത്. സമരം മാസങ്ങൾ പിന്നിട്ടതോടെ അന്താരാഷ്ട്ര മാദ്ധ്യമങ്ങളും ഗവണ്മെന്റുകളും പ്രമുഖ വ്യക്തിത്വങ്ങളുമൊക്കെ കേന്ദ്രഗവണ്മെന്റ് നിലപാടിനെ വിമർശിക്കാൻ തുടങ്ങി. കോർപറേറ്റ് താല്പര്യം മാത്രം പരിഗണിക്കുന്ന മോദി ഗവണ്മെന്റാകട്ടെ തികഞ്ഞ ധിക്കാരത്തോടെ നിലകൊണ്ടു.

(ശേഷം 2–ാം പേജിൽ)




വിജയംവരിച്ച കർഷക പ്രക്ഷോഭത്തിന് അഭിവാദ്യവുമായി കോട്ടയത്ത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ നവംബർ 29ന് നടത്തിയ ബിഎസ്എൻഎൽ ഓഫീസ് മാർച്ച്

# മുഴുവൻ ഡിമാന്റുകളും നേടുംവരെ സമരം തുടരുമെന്ന നിലപാടിലുറച്ച് സംയുക്ത കിസാൻ മോർച്ച

(1–ാം പേജിൽ നിന്ന്)

ട്ടുറപ്പോടെ, ധീരതയോടെ അവർ പോരാട്ടഭൂമിയിൽ നിലകൊണ്ടു. ആഹാരത്തിന്റ ദൗർലഭ്യമോ, അസുഖം മൂലമുള്ള സഹപ്രവർത്തകരുടെ മരണങ്ങളോ ഒന്നും അവരെ തളർത്തിയില്ല. ഭരണാധികാരികൾ വച്ചുനീട്ടിയ ഭക്ഷണം, ഉപചാരത്തിന്റെ പേരിൽപ്പോലും സ്വീകരിക്കാൻ അവർ തയ്യാറായില്ല. പാകപ്പെടുത്തിക്കൊണ്ടുവന്ന പാവപ്പെട്ടവന്റെ റൊട്ടിയും പരിപ്പുകറിയും വെറുംനിലത്തിരുന്ന് കഴിച്ച് രാജ്യത്തിന് അവർ ഒരു സന്ദേശം നൽകി. അധികാരികളുടെ അപ്പക്കഷണങ്ങൾക്കുവേണ്ടി സ്വാഭിമാനം നഷ്ടപ്പെടുത്തരുതെന്ന് അവർ ജനങ്ങളെ ഓർമ്മിപ്പിച്ചു.

കർഷകരുടെ നന്മയ്ക്കുവേണ്ടിയാണീ നിയമങ്ങൾ എന്ന് പുലമ്പിക്കൊണ്ട് അവരെ കബളിപ്പിക്കാമെന്നാണ് മോദിയും കൂട്ടരും ആദ്യം കരുതിയത്. അത് വിലപ്പോവില്ലെന്ന് കണ്ടപ്പോൾ സമരത്തെ അധിക്ഷേപിക്കാനുള്ള നീക്കങ്ങളായി. സമരക്കാർ സമ്പന്നകർഷകരാണെന്നും ഖലിസ്ഥാൻ തീവ്രവാദികളാണെന്നും സമരജീവികളാണെന്നുമൊക്കെയുള്ള വിലകെട്ട ആക്ഷേപങ്ങൾ കർഷകർ പുച്ഛിച്ചുതള്ളി. അധിക്ഷേപങ്ങൾ വിലപ്പോകുന്നില്ലെന്നുകണ്ടതോടെ ഗവണ്മെന്റ് ചർച്ചാപ്രഹസനം ആരംഭിച്ചു. നിയമങ്ങളിൽ ചെറിയ ഭേദഗതികൾ വരുത്തി കർഷകരെ പിന്തിരിപ്പിക്കാമെന്ന ഗവണ്മെന്റിന്റെ കണക്കുകൂട്ടലും പൊളിഞ്ഞു. പലവട്ടം ചർച്ച നടത്തിയിട്ടും നിയമങ്ങൾ പിൻവലിക്കാതെ പിന്നോട്ടില്ല എന്നവർ ആവർത്തിച്ചു. തുടർന്ന് സർക്കാർ പ്രതികാര നടപടികളിലേയ്ക്ക് തിരിഞ്ഞു. കർഷകരുടെ വരവ് തടയാൻ ശത്രുരാജ്യത്തോട് യുദ്ധസമയത്ത് കൈക്കൊള്ളുന്ന സമീപനമാണ് ഗവണ്മെന്റ് സ്വീകരിച്ചത്. കിടങ്ങുകളും മതിലുകളും മുള്ളുവേലികളും ലാത്തിച്ചാർജ്ജും കണ്ണീർവാതകവും ജലപീരങ്കിയുമൊക്കെ പ്രയോഗിക്കപ്പെട്ടു. സമരഭൂമിയിൽ കുടിവെള്ളവും വൈദ്യുതിയും ഇന്റർനെറ്റും നിഷേധിച്ചു. മാദ്ധ്യമപ്രവർത്തകർക്ക് വിലക്കേർപ്പെടുത്തി. സമരത്തിനനുകൂലമായി റിപ്പോർട്ടുചെയ്യുന്ന മാദ്ധ്യമപ്രവർത്തകർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി കള്ളക്കേസ്സെടുത്തു.

കർഷക സമരത്തിൽ നാനാ ജാതി മതസ്ഥർ ഉണ്ടായിരുന്നു. ഭരണപക്ഷത്തും പ്രതിപക്ഷത്തും ചേർന്നുനിന്നവർ ഉണ്ടായിരുന്നു. പലസംസ്ഥാനങ്ങളിൽനിന്നും വന്നവരും പല ഭാഷ സംസാരിക്കുന്നവരും പല വേഷക്കാരുമുണ്ടായിരുന്നു. പക്ഷേ അവർക്കെല്ലാം ഒരേ മനസ്സായിരുന്നു. അവർ ഒരുമിച്ച് ഭക്ഷണം പാചകം ചെയ്തു. ഒരുമിച്ചിരുന്ന് കഴിച്ചു. ഒരുമിച്ച് ഉറങ്ങി. ഒന്നിച്ചുനിന്ന് പൊരുതി. ജീവിതവും സമരവും സമന്വയിക്കുന്ന മനോഹരദൃശ്യമാണ് നമ്മൾ ഡൽഹിയിൽ കണ്ടത്. ആഗോളീകരണ കാലഘട്ടത്തിൽ നിരന്തരം അക്രമണങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നതിനാൽ ജനങ്ങൾക്ക് തുടർച്ചയായി തെരുവിലിറങ്ങേണ്ടിവരുമെന്നത് ഒരു യാഥാർത്ഥ്യമാണ്. സമരം ജീവിതവും ജീവിതശൈലിയുമായിത്തീരേണ്ട സാഹചര്യമാണ് യഥാർത്ഥത്തിൽ നിലവിലുള്ളത്. കോർപ്പറേറ്റ് കമ്പനികളുടെ ദാസ്യവൃത്തി ഏറ്റെടുത്തിരിക്കുന്ന ഭരണാധികാരികളാകട്ടെ ജനങ്ങളുടെ എതിർപ്പിനെ അമർച്ച ചെയ്യാൻ സർവ്വ അടവുകളും പയറ്റും. ജാതിയുടെയും മതത്തിന്റെയുമൊക്കെ പേരിൽ അവർ ജനങ്ങളെ ഭിന്നിപ്പിച്ച് ജനകീയ ഐക്യം തകർക്കും. കപട പ്രശ്നങ്ങളെ പർവ്വതീകരിച്ച്, യുക്തിബോധം കെടുത്തി ജനങ്ങളെ ആട്ടിൻപറ്റങ്ങളെപ്പോലെ അനുസരണയുള്ളവരാക്കിമാറ്റും. രാജ്യസ്നേഹം ഭാവിച്ച് ജനങ്ങളുടെ രാഷ്ട്രീയ ബോധത്തെയും വിമർശനാത്മക മനോഭാവത്തെയും കെടുത്തും. പാർലമെന്ററി കസർത്തുകളിൽ തളച്ചിട്ട് അവരുടെ കർമ്മശേഷി തകർക്കും. ചരിത്രം തിരുത്തിയെഴുതി ജനങ്ങളെ നിരായുധരാക്കും. അരാഷ്ട്രീയത പടർത്തി അവരെ രാഷ്ട്രീയമായി വന്ധ്യംകരിച്ച് ചൂഷണവ്യവസ്ഥയെ സംരക്ഷിച്ചുനിർത്തും. ഈ ഹീനപദ്ധതികൾക്കെല്ലാംനേരെ വിരൽ ചൂണ്ടിക്കൊണ്ടാണ് കർഷക സമരം സ്വതന്ത്രഭാരത ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ചത്.



സമരത്തെ പിന്തുണച്ച് 2020 ഡിസംബർ 11ന് സംഘടിപ്പിച്ച രാജ്ഭവൻ മാർച്ച്

തികച്ചും ജനാധിപത്യപരവും സമാധാനപരവുമായ സമരരീതി മുറുകെപ്പിടിച്ചുകൊണ്ടാണ് കർഷകർ സർക്കാരിന്റെ കുതന്ത്രങ്ങളെ നേരിട്ടത്. റിപ്പബ്ലിക് ദിനമായ ജനുവരി 26ന് ചെങ്കോട്ടയിലേയ്ക്ക് കർഷകർ അതിഗംഭീര മാർച്ച് സംഘടിപ്പിച്ചു. ഈ അവസരം ഉപയോഗപ്പെടുത്തി സമരത്തെ അടിച്ചമർത്താൻ ഒരു ഹീനതന്ത്രം സർക്കാർ ആവിഷ്കരിച്ചു. സർക്കാരിന്റെ പിണിയാളുകളായ ചിലർ ദേശീയപതാക ഉയർത്താൻ ശ്രമിക്കുകയും അതിനെ നേരിടാനെന്നപേരിൽ സമരത്തെ അവഹേളിക്കാനും അടിച്ചമർത്താനുമുള്ള പദ്ധതി ആവിഷ്കരിക്കുകയുമാണ് ചെയ്തത്. എന്നാൽ സർക്കാരിന്റെ ഗൂഢാലോചന തുറന്നുകാട്ടി സമരനേതൃത്വം ധീരമായ നിലപാടെടുത്തതോടെ അതും വിലപ്പോയില്ല. പക്ഷേ, നിരവധി കർഷകരുടെമേൽ രാജ്യദ്രോഹ വകുപ്പുകൾ ചേർത്ത് കള്ളക്കേസ് ചമയ്ക്കുകയും പലരെയും അറസ്റ്റ് ചെയ്യുകയുമുണ്ടായി. ആവനാഴിയിലെ മുഴുവൻ ആയുധങ്ങളും പ്രയോഗിച്ചിട്ടും കർഷകരുടെ നിശ്ചയദാർഢ്യത്തിന് ഒരു പോറൽ പോലും ഏല്പിക്കാൻ സർക്കാരിനായില്ല. ആറുമാസം കഴിയാനുള്ള ഭക്ഷണം കരുതിവന്ന കർഷകർ മോദി ഗവണ്മെന്റിനെ താഴെയിറക്കിയേ പിൻവാങ്ങൂ എന്ന് പ്രഖ്യാപിച്ചു.

തുടർന്ന് അവസാന അടവെന്ന നിലയിൽ ഗവണ്മെന്റ് സുപ്രീംകോടതിയെ ഇടപെടുത്തി കർഷകരെ പിന്തിരിപ്പിക്കാനുള്ള കരുക്കൾ നീക്കി. ഏകപക്ഷീയമായി നാലംഗ സമിതിക്ക് രൂപം നൽകിക്കൊണ്ട് ഒരു ഒത്തുതീർപ്പിന് കോടതി ശ്രമിച്ചു. കർഷകർക്ക് അവരുടെ ആവലാതികൾ ഈ കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിക്കാമത്രെ! തങ്ങൾ സുപ്രീംകോടതിയെ സമീപിച്ചിട്ടില്ലെന്നും സർക്കാർ പാസ്സാക്കിയ നിയമങ്ങൾക്കെതിരെയാണ് സമരമെന്നും കർഷകർ വ്യക്തമാക്കി. തുടർന്ന് ഒന്നരവർഷത്തേക്ക് നിയമങ്ങൾ മരവിപ്പിച്ചതായി കോടതി പ്രഖ്യാപിച്ചു. ആ പ്രലോഭനത്തെയും കർഷകർ ചങ്കുറപ്പോടെ നേരിട്ടു. നിയമങ്ങൾ പൂർണമായി പിൻവലിച്ചാലേ സമരം അവസാനിപ്പിക്കൂ എന്ന ഉറച്ച നിലപാടാണ് അവരെടുത്തത്.

ഏറ്റവുമൊടുവിൽ നിയമങ്ങൾ പിൻവലിക്കുന്നതായി പ്രധാനമന്ത്രിക്ക് പ്രഖ്യാപിക്കേണ്ടിവന്നു. കർഷകരോട് ക്ഷമ ചോദിക്കുകയും ചെയ്തു. എന്നാൽ പാർലമെന്റ് പാസാക്കിയ നിയമം റദ്ദാകണമെങ്കിൽ പാർലമെന്റിൽ പുതിയ ബിൽ അവതരിപ്പിച്ച് പാസ്സാക്കണമെന്ന് അറിയാവുന്ന സമരനേതൃത്വം അതുവരെ സമരം പിൻവലിക്കില്ലെന്ന നിലപാടിൽ ഉറച്ചുനിന്നു. എത്രയും പെട്ടെന്ന് ഈ പ്രക്രിയപൂർത്തിയാക്കാൻ ഇതോടെ ഗവണ്മെന്റ് നിർബന്ധിതമായി.



2021 ജനുവരിയിൽ കാസർഗോഡുനിന്ന് തിരുവനന്തപുരത്തേക്ക് എസ്‌യുസിഐ(സി)യും എഐകെകെഎംഎസും സംയുക്തമായി സംഘടിപ്പിച്ച കർഷക സമര ഐക്യദാർഢ്യ ജാഥ

## കാർഷിക നിയമങ്ങൾ കോർപ്പറേറ്റുകളുടെ നിർദ്ദയമായ ചൂഷണത്തിന്റെ പാതയൊരുക്കൽ

ആഗോളീകരണ നയങ്ങൾ രാജ്യത്ത് പിടിമുറുക്കാൻ തുടങ്ങിയതിനുശേഷം നിരന്തരമായ ആക്രമണങ്ങളാണ് കാർഷികമേഖല നേരിട്ടുകൊണ്ടിരിക്കുന്നത്. ഗാട്ട് കരാറിന് ശേഷം ആസിയാൻ, ആർസിഇപി കരാറുകളും രംഗത്തു വന്നു. ഈ കാലയളവിൽ നാലര ലക്ഷം കർഷകരാണ് ആത്മഹത്യ ചെയ്തത്. കർഷകരുടെ ഉല്പന്നങ്ങൾ സർക്കാർ നിയന്ത്രിത ചന്തകളിൽ വിറ്റഴിക്കാനുള്ള വഴിയടച്ചാണ് മോദി ഗവണ്മെന്റ് കാർഷികരംഗത്ത് പുതിയ നിയമങ്ങളുമായി പ്രവേശിച്ചത്. സംഭരണത്തിനുമേൽ സ്വകാര്യവത്ക്കരണത്തിന് പരവതാനി വിരിക്കുന്ന പുതിയ നിയമങ്ങൾ കാർഷികരംഗത്തേക്ക് കടന്നുവരുന്ന കോർപറേറ്റ് ഭീമന്മാർക്ക് ഈ മേഖലയാകെ അടിയറ വയ്ക്കാനാണ് ലക്ഷ്യംവച്ചത്. സംഭരണരംഗത്തുനിന്നുള്ള സർക്കാർ പിന്മാറ്റം റേഷൻ സംവിധാനത്തെപോലും അട്ടിമറിക്കും. ഭക്ഷ്യ സുരക്ഷയെത്തന്നെ അപകടത്തിലാക്കുന്ന ഈ നിയമങ്ങൾ കർഷകരെ മാത്രമല്ല രാജ്യത്തെ ബഹുഭൂരിപക്ഷത്തെയും ഗുരുതരമായി ബാധിക്കുന്നതാണ്. ആദ്യ പ്രഹരം ഏറ്റുവാങ്ങേണ്ടിവരുന്നത് കർഷകരാണെന്നുമാത്രം. വൈദ്യുതി ബിൽ-2021ഉം കാർഷികമേഖലയെ മാത്രമല്ല ചെറുകിട ഉല്പാദന മേഖലയെയും ചെറുകിട വ്യാപാര മേഖലയെയും ഉപഭോക്താക്കളെയുമൊക്കെവളരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞാണ് കർഷകർ വിട്ടുവീഴ്ചയില്ലാത്തൊരു പോരാട്ടത്തിനൊരുങ്ങുന്നത്.

ലോക പട്ടിണി സൂചികയിൽ 101-ാം സ്ഥാനം അലങ്കരിക്കുന്ന ഒരു ദരിദ്ര രാജ്യമാണ് നമ്മുടേത്. എന്നാൽ രാജ്യത്തെ ശതകോടീശ്വരൻമാർ ലോക പട്ടികയിൽ മുൻപന്തിയിൽ നിൽക്കുന്നതുകൊണ്ട് വികസ്വര രാജ്യമെന്നോ താരതമ്യേന വികസിത രാജ്യമെന്നോ ഒക്കെയുള്ള ആടയാഭരണങ്ങൾ നൂറുകോടിയിലേറെ ദരിദ്രർക്ക് ചുമക്കേണ്ടിവരുന്നു എന്നുമാത്രം. ലോകത്ത് ഏറ്റവുമധികം തൊഴിൽരഹിതരുള്ള, ഏറ്റവും നികുതിഭാരം അടിച്ചേല്പിക്കുന്ന രാജ്യവും ഇന്ത്യ തന്നെ. ഇത്തരമൊരു രാജ്യത്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കാനും അതിന്റെ നേട്ടം ജനസാമാന്യത്തിന് ലഭ്യമാക്കാനും ശ്രമിക്കേണ്ട സർക്കാരാണ് കാർഷികമേഖലയെ കോർപറേറ്റുകൾക്ക് തീറെഴുതാൻ കോപ്പുകൂട്ടുന്നത്. ഈ ദുഷ്ടലാക്ക് തിരിച്ചറിഞ്ഞതുകൊണ്ടാണ് രാജ്യത്തിനുവേണ്ടി എന്നപേരിൽ കേന്ദ്രഗവണ്മെന്റ് ആനയിച്ച കാർഷിക നിയമങ്ങളെ കർഷകർ നിരാകരിച്ചത്.

ഒരു ജനാധിപത്യ സംവിധാനത്തിന് നിരക്കാത്ത രീതിയിലാണ് രാജ്യത്തിന്റെ ഭാവി അപകടത്തിലാക്കുന്ന ഈ കരിനിയമങ്ങൾ മോദി ഗവണ്മെന്റ് പാർലമെന്റിൽ പാസ്സാക്കിയെടുത്തത്. രാജ്യസഭ ശബ്ദവോട്ടോടെ ബിൽ പാസ്സാക്കിയതായി പ്രഖ്യാപിക്കുകയായിരുന്നു. നിയമങ്ങൾ പിൻവലിക്കാനുള്ള ബില്ലിൻമേലാകട്ടെ ഒരു ചർച്ചയും അനുവദിച്ചതുമില്ല. രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയ പ്രത്യാഘാതമുണ്ടാക്കാൻപോന്ന നോട്ടുനിരോധനം, ലോക്ഡൗൺ തുടങ്ങിയവയൊക്കെയും ഏകപക്ഷീയമായ പ്രഖ്യാപനങ്ങളിലൂടെ നടപ്പിലാക്കുകയായിരുന്നു. ജിഎസ്ടി പോലുള്ള കാതലായ വിഷയങ്ങളിൽ പോലും പാർലമെന്റിൽ ഫലപ്രദമായ ചർച്ചയോ പ്രതിപക്ഷ അഭിപ്രായം മാനിക്കുന്ന നിലപാടോ ഉണ്ടായില്ല. പ്രതിരോധ രംഗത്തടക്കം കൈക്കൊള്ളുന്ന നടപടികളിലും കരാറുകളിലുംവരെ സ്വേച്ഛാപരമായ നിലപാടാണ് മോദിഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരമൊരു ഗവണ്മെന്റിനെയാണ് കർഷകപ്രക്ഷോഭം മുട്ടുകുത്തിച്ചത്.

## കർഷകസമരവിജയത്തിന്റെ പാഠങ്ങൾ

കർഷകസമര വിജയം യാദൃശ്ചികമായി സംഭവിച്ചതല്ല. വരുംകാല സമരങ്ങൾക്ക് പ്രചോദനമേകുന്ന ഒരുപാട് പാഠങ്ങൾ അത് സമ്മാനിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു പാർട്ടി അല്ലെങ്കിൽ മുന്നണി നേതൃത്വം നൽകുന്ന സമരങ്ങൾ താൽക്കാലികമായ പാർലമെന്ററി നേ

(ശേഷം 3–ാം പേജിൽ)

# സംസ്ഥാനമെമ്പാടും സമര സന്ദേശം പ്രചരിപ്പിച്ച് എഐകെകെഎംഎസ്

(2-ാം പേജിൽ നിന്ന്)

ട്ടങ്ങൾ മുൻനിർത്തിയുള്ള തായിരിക്കും. അതുകൊണ്ടുതന്നെ മാറിമാറി അധികാരത്തിൽവരുന്ന കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ നടപ്പിലാക്കുന്ന തികച്ചും ജനദ്രോഹകരമായ നയങ്ങളെപ്പോലും ചെറുത്തുതോല്പിക്കാൻ കഴിയാറുമില്ല. ജനജീവിതത്തിൽഇത് സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി പറഞ്ഞറിയിക്കാനാവാത്തതാണ്. പകൽക്കൊള്ളപോലെ നടക്കുന്ന പെട്രോളിയം വിലവർദ്ധനവുപോലും നിർബാധം ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നത് ഇത്തരമൊരു സാഹചര്യത്തിലാണ്. ഈ ഭരണ-പ്രതിപക്ഷ സമവായം തിരിച്ചറിഞ്ഞതുകൊണ്ടാണ് കർഷകർ ഒരു പാർട്ടിയുടെയും കൊടിക്കീഴിൽ അണിനിരക്കാതെ സ്വമേധയാ സംഘടിച്ച് മുന്നോട്ടുവന്നത്. ഒരു പാർട്ടിയുടെയും ഇച്ഛാനുസരണം സമരം പാതിവഴിയിലുപേക്ഷിക്കാതെ വിജയം പിടിച്ചുവാങ്ങാൻ അവർക്ക് കഴിഞ്ഞതും അതുകൊണ്ടുതന്നെ.

എന്നാൽ കർഷക സമരം വെറുമൊരു ആൾക്കൂട്ട സമരമോ വെറും പൊട്ടിത്തെറിയോ ആയിരുന്നില്ല. തീക്ഷ്ണമായ ജീവിതാനുഭവങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട് ഒരു ജനവിഭാഗം നിശ്ചയിച്ചുറച്ച് നടത്തിയ പോരാട്ടമായിരുന്നു അത്. നൂറിലധികം കർഷക സംഘടനകളെ ഉൾക്കൊള്ളുന്ന സംയുക്ത കിസാൻ മോർച്ച ഏകമനസ്സോടെ മുന്നേറിയത് അവരെ സങ്കുചിത താല്പര്യങ്ങളല്ല നയിച്ചത് എന്നതുകൊണ്ടാണ്. സെപ്റ്റംബർ 27ന് നടന്ന ഭാരത് ബന്ദ് അടക്കമുള്ള വമ്പൻ സമരങ്ങൾ വിജയകരമായി നടത്താൻ അവർക്ക് കഴിഞ്ഞത് അവരെ പിന്തുണക്കുന്ന അഞ്ഞൂറിലേറെ സംഘടനകളെ ത്യാഗോജ്ജ്വലമായ സമരത്തിന്റെ വീറും സൗരഭ്യവും പകർന്ന് കോർത്തിണക്കി നിർത്താൻ കഴിഞ്ഞതുകൊണ്ടാണ്. കിസാൻ മഹാപഞ്ചായത്തുകൾപോലുള്ള ബൃഹത്തായ ജനകീയ സംരംഭങ്ങളിലൂടെ താഴെത്തലത്തിൽവരെ തീരുമാനങ്ങൾ കൊണ്ടെത്തിക്കാനും അത് സ്വന്തം തീരുമാനങ്ങളായി ഏറ്റെടുപ്പിക്കാനും കഴിഞ്ഞത് സമരവിജയത്തിൽ നിർണ്ണായകമായി. ഹരിയാനയിലെ പോലീസ് അതിക്രമത്തെയും ലഖിംപൂർ ഖേരിയിലെ ഗുണ്ടാവിളയാട്ടത്തെയുമൊക്കെ സമചിത്തതയോടെ നേരിടാൻ ഒരു കൂട്ടായ സമര പ്രക്രിയ സംയുക്ത കിസാൻ മോർച്ചയെ പ്രാപ്തമാക്കിക്കഴിഞ്ഞിരുന്നു. റിപ്പബ്ളിക് ദിനത്തിൽ അരേങ്ങേറിയ സർക്കാർ വിലാസം ഗൂഢാലോചനപോലും കൃത്യമായി വിലയിരുത്താനും അണികളിലും അനുഭാവികളിലും ഒരു ആശയക്കുഴപ്പംപോലും സൃഷ്ടിക്കാൻ ഇടയാക്കാതെ സമരൈക്യം കാത്തുപുലർത്താനും സമരനേതൃത്വത്തെ പ്രാപ്തമാക്കുംവിധം സംഘടനാപരവും രാഷ്ട്രീയവുമായ വൈഭവവും അവർനേടിക്കഴിഞ്ഞിരുന്നു. സമരം പിൻവലിക്കാൻ മിത്രങ്ങളായി ഒത്തുകൂടിയവരിൽനിന്നുപോലും സമ്മർദ്ദങ്ങൾ ഉണ്ടായപ്പോഴും ഒരു ജനതയോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിച്ച് അവർ മുന്നോട്ടുപോയി. അതുകൊണ്ടാണ് പൊടുന്നനെ ആരംഭിച്ച് വലിയ ജനപിന്തുണ നേടി വളർന്നുവരുന്ന സമരങ്ങൾ പോലും കാര്യമായൊന്നും നേടാതെ പിൻവാങ്ങുന്ന വർത്തമാനകാലത്ത് അതിൽനിന്നും ഭിന്നമായി ഡിമാന്റുകൾ നേടിയെടുത്തുകൊണ്ട് ചരിത്രത്തിൽ ധീരോദാത്തമായ ഒരു അദ്ധ്യായം എഴുതിച്ചേർക്കാൻ കർഷക സമരത്തിനായത്.

ഭരണം കോർപ്പറേറ്റുകൾക്ക് വേണ്ടിയാണ് എന്ന് കർഷകസമരം പ്രഖ്യാപിക്കുമ്പോൾ അതൊരു രാഷ്ട്രീയ തിരിച്ചറിവിന്റെ സൂചനയാണ് നൽകുന്നത്. ബ്രിട്ടീഷ് വാഴ്ച അവസാനിപ്പിച്ച് സ്വദേശി ഭരണം സ്ഥാപിക്കപ്പെട്ടെങ്കിലും അതിന്റെ ഗുണഭോക്താക്കൾ രാജ്യത്തെ ഒരു പിടി വരുന്ന അതിസമ്പന്നരാണ് എന്ന മനസ്സിലാക്കലിലേയ്ക്ക് ഈ സമരം കർഷകരെ മാത്രമല്ല ജനസാമാന്യത്തെയും ചെറിയൊരളവിലെങ്കിലും എത്തിച്ചിട്ടുണ്ട്. ഈശ്വർ അള്ള തേരേ നാം എന്ന് സമരനേതൃത്വം ഉരുവിട്ടപ്പോൾ ചൂഷിതൻ മാത്രമല്ല ചൂഷകനും ജാതി-മത ഭേദങ്ങളില്ലെന്നും അതെല്ലാം കൃത്രിമമായി ഉന്നയിക്കപ്പെടുന്നതാണെന്നും സൂചനയുണ്ട്. ഹിന്ദു-മുസ്ലീം സ്പർദ്ധയുടെ അതിപ്രസരംകൊണ്ട് അപകടകരമായ പതനത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരുന്ന ഉത്തരേന്ത്യയിൽ മതേതരമായ ഐക്യത്തിന്റെ പുതിയ പാഠങ്ങൾ സമരവേദിയിൽ ഒന്നിച്ച് അണിനിരന്ന് പഠിക്കാൻ ലക്ഷങ്ങൾക്ക് അവസരം ഉണ്ടായത് ഉത്തരേന്ത്യൻ രാഷ്ട്രീയത്തെയും സാമൂഹിക അന്തരീക്ഷത്തെയും മാത്രമല്ല സ്വാധീനിക്കുക, രാജ്യത്താകെ അത് അനുരണനങ്ങൾ

(ശേഷം 4-ാം പേജിൽ)




സമരത്തെ പിന്തുണയ്ക്കുന്ന കർഷക കൂട്ടായ്മകൾ വളർത്തിയെടുത്ത തൊടുപുഴയിലെയും സുൽത്താൻ ബത്തേരിയിലെയും രാമങ്കരിയിലെയും സ്ഥിരം സമര കേന്ദ്രങ്ങൾ




കർഷക സമര വിജയത്തെ അഭിവാദ്യം ചെയ്ത് 2021 നവംബർ 29ന് കോഴിക്കോട് നടന്ന ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച്

## സംയുക്ത കിസാൻ മോർച്ച പ്രധാനമന്ത്രിക്ക് നൽകിയ കത്ത്

ബഹു. പ്രധാനമന്ത്രി,

രാജ്യത്തെ കോടിക്കണക്കിന് കർഷകർ 2021 നവംബർ 19ന് രാവിലെ രാഷ്ട്രത്തോടായി താങ്കൾ പറഞ്ഞ വാക്കുകൾ കേട്ടു. 11 തവണ ചർച്ച നടത്തിയപ്പോഴും രണ്ടുകൂട്ടർക്കും ഗുണകരമായ തീരുമാനത്തിലെത്തുന്നതിനുപകരം ഏകപക്ഷീയമായ പ്രസ്താവനകളുടെ വഴിയാണ് താങ്കൾ തെരഞ്ഞെടുത്തത്. എങ്കിലും മൂന്ന് കാർഷിക കരിനിയമങ്ങളും പിൻവലിക്കുകയാണെന്നറിഞ്ഞതിൽ ഞങ്ങൾ സന്തുഷ്ടരാണ്. താങ്കൾ പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ സ്വാഗതം ചെയ്യുകയും അവ എത്രയും വേഗം നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

പ്രധാനമന്ത്രിജീ, മൂന്ന് കാർഷിക നിയമങ്ങളും പിൻവലിക്കുക എന്നത് മാത്രമല്ല ഈ പ്രക്ഷോഭത്തിന്റെ ആവശ്യമെന്ന് താങ്കൾക്ക് നന്നായറിയാം. സംയുക്ത കിസാൻ മോർച്ച സർക്കാരുമായുള്ള ചർച്ചകളുടെ തുടക്കത്തിൽതന്നെ മൂന്ന് സുപ്രധാന ആവശ്യങ്ങൾകൂടി ഉന്നയിച്ചിരുന്നു.

1. കാർഷിക ചെലവുകളെ അടിസ്ഥാനമാക്കി, എല്ലാ കാർഷിക ഉൽപന്നങ്ങൾക്കും ഉൽപാദന ചെലവിന്റെ 50% എംഎസ്പി നൽകണമെന്നത് സംബന്ധിച്ച നിയമനിർമാണം നടത്തണം. അതിലൂടെ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച എംഎസ്പി ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയും. (2011ൽ താങ്കൾകൂടി അംഗമായ കമ്മിറ്റിയാണ് ഇക്കാര്യം സംബന്ധിച്ച ശുപാർശ നൽകിയിരിക്കുന്നതെന്നും താങ്കളുടെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇക്കാര്യത്തെക്കുറിച്ച് പാർലമെന്റിൽ ഒരു വാക്കുപോലും ഉരിയാടിയിട്ടില്ലെന്നും ഓർമിപ്പിക്കട്ടെ)

2. സർക്കാർ പ്രഖ്യാപിച്ച 'വൈദ്യുതി ഭേദഗതി ബിൽ -2021'ന്റെ കരട് പിൻവലിക്കുക (ഈ ബിൽ പിൻവലിക്കുന്നതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും അതിന് വിപരീതമായി പാർലമെന്റിന്റെ കാര്യസൂചികയിൽ ഈ ബിൽ കടന്നുകൂടിയിട്ടുണ്ട്)

3. രാജ്യതലസ്ഥാനത്തിലെ വായു മലിനീകരണം സംബന്ധിച്ച നിയമത്തിൽ കർഷകർക്ക് ശിക്ഷ നൽകാനുള്ള തീരുമാനം പിൻവലിക്കുക. (ഈ വർഷം ഏതാനും കർഷകവിരുദ്ധ നിയമങ്ങൾ എടുത്തുകളഞ്ഞെങ്കിലും സെക്ഷൻ 15 വഴി കർഷകരെ ശിക്ഷിക്കുവാനുള്ള പഴുതുകളിട്ടിട്ടുണ്ട്)

താങ്കളുടെ പ്രസ്താവനയിൽ ഈ സുപ്രധാന ആവശ്യങ്ങളെ സംബന്ധിച്ച പരാമർശങ്ങൾ ഇല്ല എന്നത് കർഷകരെ ഏറെ നിരാശപ്പെടുത്തിയിരിക്കുകയാണ്. ഈ വമ്പിച്ച പ്രക്ഷോഭത്തിലൂടെ മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കുമെന്ന് മാത്രമല്ല, ഞങ്ങളുടെ അദ്ധ്വാനത്തിന് ആവശ്യമായ പ്രതിഫലം നിയമപരമായി ഉറപ്പാക്കുമെന്നും ആഗ്രഹിച്ചിരുന്നു.

പ്രധാനമന്ത്രിജീ, കഴിഞ്ഞ ഒരു വർഷമായി നടക്കുന്ന ഐതിഹാസികമായ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ഏതാനും പ്രശ്നങ്ങൾകൂടി ഉയർന്നുവന്നിട്ടുണ്ട്. അവയ്ക്കുകൂടി അടിയന്തര പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

4. ദില്ലി, ഹരിയാന, ചണ്ഡിഗഢ്, യുപി എന്നിവയെക്കൂടാതെ രാജ്യത്തെമ്പാടുമുള്ള ആയിരക്കണക്കിന് കർഷകരെ (2020 ജൂൺ മുതൽ ഇന്നുവരെ) നൂറുകണക്കിന് കേസുകളിൽ കുടുക്കിയിരിക്കുക യാണ്. ഈ കേസുകൾ എത്രയും പെട്ടെന്ന് പിൻവലിക്കണം.

5. ലഖിംപൂർ ഖേരി കൂട്ടക്കൊലയുടെ സൂത്രധാരനായ അജയ് മിശ്ര ഇന്നും താങ്കളുടെ മന്ത്രിസഭയിൽ അംഗമായിരിക്കുകയും സ്വതന്ത്രനായി വിഹരിക്കുകയും ചെയ്യുന്നു. അദ്ദേഹം താങ്കളോടും മറ്റ് മന്ത്രിമാരോടുമൊപ്പം വേദി പങ്കിടുകയും ചെയ്യുന്നു. അദ്ദേഹത്തെ എത്രയും പെട്ടെന്ന് മന്ത്രിസഭയിൽനിന്ന് രാജി വയ്പിക്കുകയും അറസ്റ്റ് ചെയ്യുകയും വേണം.

6. ഈ പ്രക്ഷോഭത്തിനിടയിൽ ഇതുവരെ ഏകദേശം 700 കർഷകർ രക്തസാക്ഷികളായിട്ടുണ്ട്. അവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കണം. രക്തസാക്ഷികളായ കർഷകരുടെ സ്മൃതി മന്ദിരം പണിയുന്നതിനായി സിംഘു അതിർത്തിയിൽ ഭൂമി അനുവദിക്കണം.

പ്രധാനമന്ത്രിജീ, താങ്കൾ കർഷകരോട് വീട്ടിലേയ്ക്ക് മടങ്ങാൻ അഭ്യർത്ഥിച്ചു. ഞങ്ങൾക്ക് തെരുവുകളിൽ കിടക്കാനുള്ള ഇഷ്ടം കൊണ്ടല്ല ഇവിടെ കഴിയുന്നതെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മറ്റ് വിഷയങ്ങൾകൂടി പരിഗണിച്ച് എത്രയുംവേഗം വീടുകളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും മടങ്ങണം എന്നുതന്നെയാണ് ഞങ്ങളുടെയും ആഗ്രഹം. താങ്കളും അതുതന്നെയാണ് ആഗ്രഹിക്കുന്നതെങ്കിൽ മുകളിൽ സൂചിപ്പിച്ച 6 വിഷയങ്ങളിലും സംയുക്ത കിസാൻ മോർച്ചയുമായി എത്രയും പെട്ടെന്ന് ചർച്ചയ്ക്ക് തയ്യാറാവുക. അതുവരെ സംയുക്ത കിസാൻ മോർച്ച പ്രഖ്യാപിത പരിപാടികളുമായി പ്രക്ഷോഭം തുടരുക തന്നെ ചെയ്യും.

എന്ന്,

സംയുക്ത കിസാൻ മോർച്ച

# വരുംകാല പ്രക്ഷോഭങ്ങൾക്ക് കർഷക സമരം വഴികാട്ടിയാകും



തെരുവ് ഗാനങ്ങളുമായി എഐഡിഎസ്ഒ ഗായക സംഘം



സമരാവേശം പകർന്ന് വഴിയോര ചിത്രരചന



എഐഡിവൈഒ നാടകസംഘം അവതരിപ്പിച്ച തെരുവ് നാടകം

(3–ാം പേജിൽ നിന്ന്)

സൃഷ്ടിക്കുമെന്ന് ഉറപ്പാണ്.

പൗരത്വ നിയമഭേദഗതി, രാമക്ഷേത്രം, കാശ്മീരിന്റെ പദവി റദ്ദാക്കൽ, യുഎപിഎയുടെ പേരിലുള്ള വേട്ടയാടൽ തുടങ്ങി ബിജെപി അനുവർത്തിക്കുന്ന ഫാസിസ്റ്റ് സമീപനത്തിന്റെയും അന്യമത വെറിയുടെയും പ്രഖ്യാപനങ്ങളായ ഭരണനടപടികൾക്കെതിരെ രാജ്യമെമ്പാടും ജനാധിപത്യമനസ്സാക്ഷി പ്രതിഷേധം ഉയർത്തിയപ്പോഴൊക്കെ, അതിനെയും വർഗ്ഗീയ ധ്രുവീകരണത്തിനായി ഉപയോഗിക്കുന്ന കുടിലതന്ത്രമാണ് അവർ പ്രയോഗിച്ചത്. എന്നാൽ കർഷകസമരത്തിന്റെ മുമ്പിൽ അവർക്കു കീഴടങ്ങേണ്ടിവന്നത്, ജനങ്ങളെ ഒന്നാകെ സഹജമായിത്തന്നെ ഒരുമിപ്പിക്കുന്ന ഡിമാന്റായിരുന്നു അത് ഉയർത്തിയത് എന്നതിനാലാണ്. അതിന്റെ വിജയമാകട്ടെ, ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിന്റെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്തു. ജാതിക്കും മതവിശ്വാസത്തിനും പ്രാദേശിക പരിഗണനകൾക്കും അതീതമായി ജനങ്ങളെ ഐക്യപ്പെടുത്താൻ ഇടയാക്കുന്ന ഡിമാന്റുകളിൻമേലുള്ള ജനാധിപത്യ പ്രക്ഷോഭമാണ് ഫാസിസ്റ്റുനയങ്ങളെ ചെറുക്കാനുള്ള ഫലപ്രദമായ മാർഗ്ഗമെന്നതും കർഷകസമരം നൽകുന്ന വിലപ്പെട്ട പാഠമാണ്.

## രാജ്യവ്യാപകമായ ബഹുജനസമരമാക്കി കർഷക പ്രക്ഷോഭത്തെ വളർത്തിയെടുക്കാൻ വ്യവസ്ഥാപിത ഇടതുപക്ഷം തയ്യാറായില്ല

786 പേരുടെ ജീവൻ ബലി നൽകേണ്ടിവന്ന ഈ പ്രക്ഷോഭം ഇതിന് എത്രയോ മുൻപേ വിജയം കൊയ്തെടുക്കാനുള്ള സാധ്യതയുണ്ടായിരുന്നുവെന്ന കാര്യവും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. വിനാശകരമായ തൊഴിൽ നിയമങ്ങൾ അടക്കമുള്ള നിരന്തര ആക്രമണങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തെ നയിക്കുന്ന പ്രബല സംഘടനകൾ കർഷകസമരം മുന്നോട്ട് കൊണ്ടുവന്ന അനുകൂലമായ രാഷ്ട്രീയ സാഹചര്യത്തെ ശരിയായി വിലയിരുത്തുന്നതിൽ പരാജയപ്പെട്ടുവെന്നത് ഏറെ വേദനാകരമാണ്. കർഷകരോടൊപ്പം തൊഴിലാളികളും തെരുവിലിറങ്ങി ഒരു സുദീർഘ പോരാട്ടത്തിന് തയ്യാറായിരുന്നുവെങ്കിൽ തൊഴിൽരംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമായിരുന്നുവെന്ന് മാത്രമല്ല, കർഷക സമരം എത്രയുംവേഗം ഡിമാന്റുകൾ അംഗീകരിച്ച് ഒത്തുതീർപ്പാക്കാൻ മോദി ഗവൺമെന്റ് നിർബ്ബന്ധിതവുമാകുമായിരുന്നു. സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന ചില ഒറ്റപ്പെട്ട പ്രചാരണ പരിപാടികൾക്കപ്പുറത്തേയ്ക്ക് അത് മുന്നേറിയില്ലയെന്നത് ഭാവി ചരിത്രത്തോട് കണക്ക് പറയേണ്ടിവരുന്ന അപരാധം തന്നെയാണ്.

ഇടതുപക്ഷം എന്ന് അവകാശപ്പെടുന്ന സിപിഐ, സിപിഐ(എം) പോലുള്ള പാർട്ടികൾ സ്വീകരിച്ച നിലപാടും ഗൗരവപൂർവ്വം വിലയിരുത്തേണ്ടത് ആവശ്യമാണ്. അസംബ്ലിയിൽ പ്രമേയം പാസാക്കി വസ്ത്രം ഉടയാതെ രക്ഷപ്പെടാനാണ് കേരളത്തിൽ ഇവർ ശ്രമിച്ചത്. സമരത്തോടൊപ്പമെന്ന് വരുത്തിത്തീർക്കാനുള്ള ചില അഭ്യാസങ്ങൾമാത്രം പയറ്റിക്കൊണ്ട് പതിവുപോലെ സ്വന്തം അണികളെ വഞ്ചിക്കുന്നതിൽ അവർ വിജയിച്ചു. എന്നാൽ കേരളത്തിലെ മാത്രമല്ല രാജ്യത്താകെയുള്ള ഇടതുപക്ഷ വിശ്വാസികൾക്ക് എന്ത് സന്ദേശമാണ് അവർ നൽകിയത്. സമരം പിൻവലിപ്പിക്കാൻ സർക്കാർ നടത്തിയ കൗശലങ്ങളെ പിൻപറ്റിക്കൊണ്ട് സമരനേതൃത്വത്തെ പിൻതിരിപ്പിക്കാനാണവർ ശ്രമിച്ചുകൊണ്ടിരുന്നത്. അചഞ്ചലമായ സമരനേതൃത്വം അതിനെയൊക്കെ അതിജീവിച്ചില്ലായിരുന്നെങ്കിൽ എത്രവലിയ പതനത്തിലേക്ക് രാജ്യം ചെന്നെത്തുമായിരുന്നുവെന്ന് ഓർക്കുക. മൂന്ന് പതിറ്റാണ്ട് കാലമായി രാജ്യത്ത് വിനാശം വിതയ്ക്കുന്ന ആഗോളീകരണനയങ്ങൾക്ക് ഒരു പ്രഹരമേൽപ്പിക്കാൻ കിട്ടിയ അവസരം വേണ്ടവണ്ണം ഉപയോഗപ്പെടുത്താൻ എന്തുകൊണ്ട് ഇവർ മുന്നോട്ട് വന്നില്ല? സന്ധിയില്ലാ പോരാട്ടം നടത്തുന്ന കർഷക സമരത്തിന്റെ സന്ദേശം രാജ്യമെമ്പാടും പ്രചരിപ്പിച്ചുകൊണ്ട് ഒരു സമരാന്തരീക്ഷം വളർത്തിയെടുക്കാനും, ബിജെപി ബോധപൂർവ്വം വളർത്തിയെടുക്കുന്ന വർഗ്ഗീയാന്തരീക്ഷത്തിനും ബിജെപി സർക്കാരിന്റെ ജനദ്രോഹ ആഗോളീകരണ നയങ്ങൾക്കും തടയിടാനും ശ്രമിക്കാതിരുന്നത് മാപ്പർഹിക്കാത്ത പാതകമാണ്.

സിപിഐ, സിപിഐ(എം) പാർട്ടികളുടെ വർഗ്ഗസ്വഭാവമാണ് ഇത്തരമൊരു നിലപാടെടുക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. വാക്കിൽമാത്രം തൊഴിലാളിവർഗ്ഗ രാഷ്ട്രീയവും പ്രവൃത്തിയിൽ മുതലാളിവർഗ്ഗ സേവയുമെന്ന നിലയിലേയ്ക്ക് ഈ പ്രസ്ഥാനങ്ങൾ അധഃപതിച്ചിരിക്കുന്നു. കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ സ്ഥാനങ്ങൾ ഉറപ്പാക്കാൻ എന്ത് വിട്ടുവീഴ്ചയ്ക്കും ഇവർ തയ്യാറാകുന്നു. എത്ര പിൻതിരിപ്പൻ പ്രസ്ഥാനങ്ങളുമായും ഒളിഞ്ഞോ തെളിഞ്ഞോ ധാരണയുണ്ടാക്കുന്നു. അധികാരത്തിൽ വരുമ്പോഴാകട്ടെ കോൺഗ്രസ്സിനെപ്പോലെ, ബിജെപിയെപ്പോലെ മുതലാളിവർഗ്ഗത്തിന് ഗുണകരമായ നയങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. വിട്ടുവീഴ്ചയില്ലാത്ത സമരത്തിന്റെ പാത വെടിഞ്ഞ് ചടങ്ങ് സമരങ്ങളിലേയ്ക്ക് ഇവർ ഒതുങ്ങിക്കൂടുന്നത്, സമരങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും മാത്രം സാദ്ധ്യമാകുന്ന സമൂഹത്തിന്റെ അടിസ്ഥാനപരമായ മാറ്റം എന്ന ലക്ഷ്യം ഇവർക്കില്ലാത്തതുകൊണ്ടുതന്നെയാണ്. കർഷക സമരത്തെ മുൻനിർത്തി വലിയൊരു സമരാന്തരീക്ഷവും അതുവഴി പുരോഗമനപരമായ സാമൂഹ്യ-രാഷ്ട്രീയ കാലാവസ്ഥയും വളർത്തിയെടുക്കാൻ ഇവർ മെനക്കെടാതിരുന്നതിലൂടെ ബിജെപിയുടെയും കോൺഗ്രസ്സിന്റെയുമൊക്കെ വലതുപക്ഷ രാഷ്ട്രീയ സ്വാധീനത്തിൽനിന്ന് അദ്ധ്വാനിച്ചുജീവിക്കുന്ന ജനവിഭാഗങ്ങളെ മോചിപ്പിക്കാനുള്ള നല്ലൊരവസരമാണ് നഷ്ടപ്പെടുത്തിയത്.

## മുതലാളിത്തനയങ്ങൾക്കെതിരായ പോരാട്ടം വർദ്ധിത കരുത്തോടെ തുടരണം


സമ്പത്തുമുഴുവൻ ഒരുപിടി കോർപറേറ്റുകളുടെ കയ്യിൽ കേന്ദ്രീകരിക്കുന്ന പ്രക്രിയയ്ക്ക് ആക്കം വർദ്ധിപ്പിച്ച്, മുതലാളിവർഗ സേവയ്ക്ക് ഗതിവേഗം കൂട്ടി, ജനങ്ങളെ പാപ്പരാക്കി, ജനാധിപത്യ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കി, ജനാധിപത്യ അന്തരീക്ഷവും സംസ്കാരവും തകർത്ത്, വർഗീയ സ്പർദ്ധ വളർത്തി, യുക്തിചിന്തയും ശാസ്ത്രീയ മനോഘടനയും നശിപ്പിച്ച്, സ്വതന്ത്രചിന്തയെ നിരുത്സാഹപ്പെടുത്തി, സ്വതന്ത്രചിന്തകരെ വകവരുത്തി, സമരങ്ങളെ അധിക്ഷേപിച്ച്, അടിച്ചമർത്തി, ലക്ഷണമൊത്തൊരു ഫാസിസ്റ്റ് വാഴ്ചയിലേയ്ക്ക് രാജ്യത്തെ നയിക്കുകയാണ് ബിജെപിയും സംഘപരിവാറും. മുതലാളിത്ത സംവിധാനം ആഗോളമായിത്തന്നെ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. ഇത് മറികടക്കാനായി അവർ കണ്ടെത്തുന്ന മാർഗങ്ങളൊക്കെ കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നതേയുള്ളൂ. കാർഷികരംഗത്തടക്കം ഭരണാധികാരികൾ കൊടിയുടെ നിറഭേദമില്ലാതെ കൊണ്ടുവരുന്ന നയങ്ങൾ ഈ പ്രതിസന്ധി ഘട്ടത്തിൽ മുതലാളിവർഗത്തിന് ആശ്വാസം പകരാനുദ്ദേശിച്ചുള്ളവയാണ്. കാർഷിക മേഖലയിൽ സബ്സിഡികൾ ഇല്ലാതാക്കുന്നതും സ്വകാര്യവത്കരിച്ച് കോർപറേറ്റുകൾക്ക് തീറെഴുതുന്നതുമൊക്കെ ഈ പദ്ധതിയുടെ ഭാഗമാണ്. ആഗോളമായിത്തന്നെ ഇത്തരം നീക്കങ്ങൾ നടക്കുന്നു. വ്യവസായമേഖല കടുത്ത കമ്പോള പ്രതിസന്ധിയിൽപ്പെട്ട് ഉഴലുമ്പോൾ സേവനരംഗത്തും കാർഷികമേഖലയിലും കടന്നുകയറി നേട്ടമുണ്ടാക്കാനാണ് മുതലാളിവർഗം ശ്രമിക്കുന്നത്. അതിനായി ഏതൊരു രാജ്യത്തെയും നിയമങ്ങളെയും ഭരണഘടനയെപ്പോലും അവർ പൊളിച്ചെഴുതുന്നു.

മുതലാളിത്ത പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെ ചുമലിലേയ്ക്കാണ് ഇറക്കിവയ്ക്കുന്നത് എന്നതിനാൽ പ്രതിസന്ധി മൂർച്ഛിക്കുംതോറും ജനജീവിതത്തിലെ ദുരിതങ്ങളും ഏറിവരും. ഇവിടെ അവകാശങ്ങൾ പൊരുതി നേടിയെടുക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല. ആ യാഥാർത്ഥ്യം പകൽപോലെ വ്യക്തമാക്കിത്തന്നു കർഷക പ്രക്ഷോഭം. എന്നാൽ നയങ്ങളിൽ ചിലത് തിരുത്തപ്പെട്ടാലും മുതലാളിത്തവ്യവസ്ഥ നിലനിൽക്കുവോളം കരിനിയമങ്ങളും ആക്രമണങ്ങളും ഇനിയുമുണ്ടാകും. ദുരിതങ്ങൾ ഇനിയും പെരുകും. കർഷകർ മാത്രമല്ല സമസ്ത ജനവിഭാഗങ്ങളും അതിന് ഇരയാ യിക്കൊണ്ടിരിക്കുമെന്നും നാം മനസ്സിലാക്കണം. സമരം വിജയിച്ചാലും ജാഗ്രത കൈവിടാതെ, ജനങ്ങളുടെ ഐക്യം കാത്തുസൂക്ഷിച്ച്, രാഷ്ട്രീയ പ്രബുദ്ധതയോടെ മുന്നേറണം എന്ന പാഠംകൂടി സ്വായത്തമാക്കേണ്ടതുണ്ട് എന്നർത്ഥം.

## കർഷക പ്രക്ഷോഭത്തിന്റെ വിജയത്തിനായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അചഞ്ചലം പൊരുതി

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

(ശേഷം 5–ാം പേജിൽ)



# കെ റെയിലിന് അനുകൂലമായി പ്രചരിപ്പിക്കുന്ന പൊള്ളയായ വാദങ്ങളും യഥാർത്ഥ വസ്തുതകളും

**കെ** റെയിൽ സിൽവർലൈൻ പാതയ്ക്കെതിരെ കേരളമെമ്പാടും ഉയരുന്ന ജനരോഷത്തെ നേരിടാനാവാതെ, യുക്തിസഹമായി വാദങ്ങൾ അവതരിപ്പിക്കാനാകാതെ, കുഴയുകയാണ് സംസ്ഥാന സർക്കാരും കെ റെയിൽ വക്താക്കളും. കുടിയിറക്കപ്പെടുന്ന ജനങ്ങളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ചോദ്യങ്ങൾ കുന്തമുന പോലെ അധികാരകേന്ദ്രങ്ങളിൽ തറയ്ക്കുന്നതാണ് കാഴ്ച. ന്യായീകരണത്തിനായി പദ്ധതി വക്താക്കൾ തപ്പിനടക്കുന്നു. തികച്ചും പൊള്ളയായ വാദങ്ങൾ തിരിച്ചും മറിച്ചും അവതരിപ്പിക്കാനായി അവർ കഠിനാധ്വാനം ചെയ്യുന്നു. കേരളാ റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എംഡിയും മുഖ്യമന്ത്രിയും എൽഡിഎഫ് കൺവീനറും സിപിഐ(എം) സംസ്ഥാന സെക്രട്ടറിയും സർക്കാരും കനത്ത മഴയിലും വിയർക്കുന്നതാണ് കാണുന്നത്. എന്താണ് പാതയ്ക്ക് അനുകൂലമായി അവതരിപ്പിക്കുന്ന വാദങ്ങൾ? ഒപ്പം, അവയ്ക്കുള്ള മറുപടിയും.

### വാദം ഒന്ന്

അർധ അതിവേഗ പാതയായ സിൽവർ ലൈൻ സംസ്ഥാനത്തെ രണ്ടായി വിഭജിക്കില്ല. കെട്ടുന്നത് സംരക്ഷിത വേലി മാത്രം! തണ്ണീർത്തടങ്ങൾ നഷ്ടമാക്കില്ല. നീരൊഴുക്ക് തടയാതിരിക്കാനായി തൂണുകളിലാണ് പാത നിർമ്മിക്കുന്നത്. പരിസ്ഥിതി ആഘാതം കുറവാണ്. നെൽവയൽ കടന്നുപോകുന്നത് പാലങ്ങളിൽകൂടി ആയതിനാൽ കൃഷിഭൂമിയെ ബാധിക്കുന്നില്ല. പ്രകൃതിലോലപ്രദേശങ്ങളിലൂടെ പാത കടന്നുപോകുന്നില്ല.

### വസ്തുത

കേരളത്തിന്റെ ഭൂപ്രകൃതി പൊതുവിൽ പരിസ്ഥിതിലോലമായി മാറിക്കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യത്തെയാണ് ഓരോ പ്രളയവും നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഓരോ തീവ്രമഴയും വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലിന്റെയും കേന്ദ്രസ്ഥാനമാക്കി സംസ്ഥാനത്തെ മാറ്റിത്തീർക്കുകയാണ്. തണ്ണീർത്തടങ്ങളെ ബാധിക്കില്ല, നീരൊഴുക്കിനെ തടസ്സപ്പെടുത്തില്ല എന്നൊക്കെയുള്ള വാദങ്ങൾ സംസ്ഥാനത്തിന്റെ പാരിസ്ഥിതികാവസ്ഥകളെ പരിഗണിക്കാതെയുള്ള ന്യായീകരണങ്ങൾ മാത്രം. സിൽവർലൈൻ പാതയുടെ 140 കിലോമീറ്റർ ദൂരം തണ്ണീർത്തടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. തടങ്ങൾ നികത്താതെ, മണ്ണ് മാന്താതെ, കുഴികൾ എടുക്കാതെ പോകാൻ കഴിയില്ലല്ലോ. സിൽവർ ലൈൻ ആകെ 530 കിലോമീറ്റർ ദൂരത്തിലാണ്. അതിൽ, 293 കിലോമീറ്റർ ദൂരത്തിൽ മണൽത്തിട്ടകൾ കെട്ടി ഉയർത്തേണ്ടിവരും. 4 മണിക്കൂർകൊണ്ട് കാസർകോഡുനിന്ന് തിരുവനന്തപുരത്തേയ്ക്ക് എത്തിച്ചേരണമെങ്കിൽ എട്ട് മീറ്റർ ഉയരത്തിൽ മണൽത്തിട്ടകൾ നിർമ്മിക്കേണ്ടിവരുമെന്ന് പദ്ധതിയുടെ രൂപരേഖയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം, പാതയുടെ ഇരുവശത്തും ഭിത്തി നിർമ്മിക്കുമെന്നും പറയുന്നു. 500 മീറ്റർ ഇടവിട്ട് അടിപ്പാതകൾ നിർമ്മിക്കുമെന്നും രേഖയിലുണ്ട്. അപ്പോൾ, അങ്ങനെ മതിൽ നിർമ്മിക്കപ്പെട്ടാൽ അതൊരു ചൈനീസ് വൻമതിൽപോലെ ഒരു മഹാഭിത്തിയായി മാറില്ലേ! കേരളത്തെ വെട്ടിമുറിക്കുന്നതിന് തുല്യമായ ചെയ്തിയായിരിക്കുമത്. പതിനൊന്ന് ജില്ലകളിലൂടെ പാത കടന്നുപോകുന്നതിനാൽ ഫലത്തിൽ കേരളത്തെ നെടുകെ പിളർക്കാൻ മറ്റൊന്നും വേണ്ടിവരില്ല.

### വാദം രണ്ട്

ചെലവ് കുറവാണ്. കേരളത്തെ കടക്കെണിയിൽപ്പെടുത്തില്ല. 63,941 കോടി രൂപയിൽ കൂടുതൽ ചെലവ് വരില്ല. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കുറഞ്ഞ പലിശയ്ക്കാണ് വായ്പയെടുക്കുന്നത്. വായ്പാ തിരിച്ചടവ് പദ്ധതിയുടെ വരുമാനത്തിൽനിന്ന് സാധ്യമാവും.

### വസ്തുത

കെ റെയിൽ സിൽവർ ലൈൻ

(ശേഷം 6–ാം പേജിൽ)



കർഷക പ്രക്ഷോഭത്തിന്റെ ഒന്നാം വാർഷിക ദിനമായ നവംബർ 26ന് കർഷക സമര ഐക്യദാർഢ്യ സമിതി നടത്തിയ പാലക്കാട് ഹെഡ് പോസ്റ്റോഫീസിലേക്ക് മാർച്ച്



സമരവിജയം വിളംബരം ചെയ്ത് സെക്രട്ടേറിയറ്റിന് മുന്നിൽ എസ്‌യുസിഐ(സി) നടത്തിയ പ്രകടനം



സംയുക്ത കിസാൻ മോർച്ചയുടെ ആഭിമുഖ്യത്തിൽ തൊടുപുഴയിൽ നടന്ന പ്രകടനം

(4–ാം പേജിൽ നിന്ന്)

പാർട്ടിയും കർഷക സംഘടനയായ എഐകെകെഎംഎസ്സും കർഷക പ്രക്ഷോഭത്തിന്റെ തുടക്കംമുതൽ അതോടൊപ്പം നിലകൊണ്ടു. ഡൽഹിയിലെ സമരവേദികളിൽ കർഷകരെ പങ്കെടുപ്പിച്ചുകൊണ്ടും സ്ഥിരം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ടും സജീവ സാന്നിദ്ധ്യമായി നമ്മൾ കർഷകരോടൊപ്പം നിലയുറപ്പിച്ചു. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും സംയുക്ത കിസാൻ മോർച്ചയുടെ ഘടകങ്ങൾ രൂപീകരിക്കാനും അതിന്റെ ആഭിമുഖ്യത്തിൽ ഐക്യദാർഢ്യ പരിപാടികൾ സംഘടിപ്പിക്കാനും നമ്മൾ തീവ്രശ്രമം നടത്തി. ഘടകങ്ങൾ രൂപീകരിക്കാൻ കഴിയാത്തിടങ്ങളിൽ പാർട്ടിയുടെയും എഐകെകെഎംഎസ്സിന്റെയും ആഭിമുഖ്യത്തിൽ വ്യാപകമായ പ്രചാരണം സംഘടിപ്പിക്കാൻ ശ്രമിച്ചു. സംഘടനാശക്തിയെ കവച്ചുവയ്ക്കുംവിധമുള്ള പ്രവർത്തനങ്ങളാണ് വിവിധ സംസ്ഥാനങ്ങളിൽ നമ്മുടെ പാർട്ടി നടത്തിയത്.

കേരളത്തിൽ ജനുവരി 11ന് കാസർകോഡുനിന്ന് ആരംഭിച്ച് എല്ലാ ജില്ലകളിലും പര്യടനം നടത്തി 26ന് തിരുവനന്തപുരത്ത് സമാപിച്ച കർഷക സമര ഐക്യദാർഢ്യ ജാഥ ജനാധിപത്യ വിശ്വാസികളിലാകെ വലിയ ഉണർവ്വാണ് സൃഷ്ടിച്ചത്. എഐഡിഎസ്ഒ ഗായകസംഘത്തിന്റെ തെരുവുഗാനങ്ങളും എഐഡിവൈഒ നാടകസംഘത്തിന്റെ തെരുവുനാടകവും പതിനായിരക്കണക്കിനാളുകളെ ആകർഷിച്ചു. നൂറുകണക്കിന് സ്വീകരണ യോഗങ്ങളിൽ പാർട്ടിയുടെയും കർഷക സംഘടനയുടെയും നേതാക്കൾ സമരത്തിന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് സമരത്തിന് ശക്തി സമാഹരിച്ചു. ബൈക്ക് റാലിയും വാഹനജാഥയും ട്രാക്ടറുമൊക്കെ യായി ആവേശകരമായ ഒരു സമരാനുഭവമായിരുന്നു ആ ജാഥ.

കാർഷിക മേഖലകളായ വയനാട്ടിലും കുട്ടനാട്ടിലും തൊടുപുഴയിലും സ്ഥിരം സമരകേന്ദ്രങ്ങൾ തുറന്നുകൊണ്ട് പ്രചാരണം നടത്തുകയും കർഷകക്കൂട്ടായ്മ വളർത്തിയെടുക്കുകയും ചെയ്തു. സംസ്ഥാനമെമ്പാടും ഐക്യദാർഢ്യ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് സമരാനുകൂലമായി നിലകൊണ്ട സാമൂഹ്യഘടകങ്ങളെ കോർത്തിണക്കാൻ പാർട്ടി സഖാക്കൾ രാപകൽ പണിയെടുത്തു. സിപിഐ, സിപിഐ(എം) പാർട്ടികളുടെ നിഷ്‌ക്രിയത്വത്തിൽ മനംനൊന്ത് നിരവധി സാധാരണ പ്രവർത്തകർ പാർട്ടിയുടെയും എഐകെകെഎംഎസ്സിന്റെയും ആഭിമുഖ്യത്തിലുള്ള സമരപ്രചാരണ പരിപാടികളിൽ ആത്മാർത്ഥമായി പങ്കെടുക്കുകയുണ്ടായി. സമര സംഘാടനത്തിൽ സജീവ പങ്കുവഹിക്കുന്ന ഉത്തരേന്ത്യയിലെ നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച രാജ്ഭവൻ മാർച്ച് ആവേശകരമായ അനുഭവമായിരുന്നു. പാർട്ടി മുഖപത്രമായ യൂണിറ്റിയുടെ എല്ലാ ലക്കങ്ങളിലും സമരത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിലെ പരിപാടികൾ റിപ്പോർട്ടു ചെയ്യുകയും പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിലുള്ള വിശകലനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. കേരളത്തിൽ സംയുക്ത കിസാൻ മോർച്ചയുടെ ഘടകം രൂപീകരിച്ച് പ്രവർത്തിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറിയ സിപിഐ, സിപിഐ(എം) നേതൃത്വത്തെ അതിന് പ്രേരിപ്പിക്കാനുതകുന്ന നിലപാടുകളും പാർട്ടി സ്വീകരിച്ചു. കർഷകസമരത്തെ സമഗ്രമായി വിശകലനം ചെയ്യുന്ന ഒരു എക്സിബിഷൻ കേരളത്തിൽ ഉടനീളം പ്രദർശിപ്പിക്കാൻ എഐകെകെഎംഎസ്സ് തീരുമാനിച്ചിട്ടുണ്ട്.

ഡൽഹിയിൽ പാർട്ടി പോളിറ്റ് ബ്യൂറോ അംഗവും എഐകെകെഎംഎസ്സ് അഖിലേന്ത്യാ പ്രസിഡന്റുമായ സഖാവ് സത്യവാനും ജനറൽ സെക്രട്ടറി സഖാവ് ശങ്കർ ഘോഷും നേരിട്ടുതന്നെ സമരപ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ചു. ഡൽഹി, ഹരിയാന, യുപി, മധ്യപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ ഘടകങ്ങളും നേരിട്ടുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാക്കായിരുന്നു. നിർണ്ണായക സന്ദർഭങ്ങളിൽ ശരിയായ വിശകലനത്തിലൂടെ സമരത്തെ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുന്നതിൽ നേതൃനിരയിലുള്ള സഖാക്കൾ വലിയ പങ്കാണ് നിർവ്വഹിച്ചത്. സമര വിജയത്തിൽ അഭിമാനിക്കുന്നതോടൊപ്പം സമരം നൽകുന്ന പാഠങ്ങൾ ഭാവി പ്രക്ഷോഭങ്ങൾക്ക് മാർഗദർശകമാകുംവിധം പ്രചരിപ്പിക്കുന്നതിലും വ്യാപൃതമാണ് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയും എഐകെകെഎംഎസ്സും. ■



# കെ റെയിൽ: വാദങ്ങളും വസ്തുതകളും

(5–ാം പേജിൽ നിന്ന്)

പദ്ധതിയുടെ ആകെ ചെലവ് 64,000 കോടി രൂപ മാത്രമേയാകൂ എന്ന വാദത്തെ കേന്ദ്ര നീതി ആയോഗും കേന്ദ്ര ധനകാര്യ മന്ത്രാലയവും ഇതിനകം ഖണ്ഡിച്ചുകഴിഞ്ഞു. നീതി ആയോഗിന്റെ റിപ്പോർട്ടിൽ പറയുന്നത് ഈ പദ്ധതി നിർമ്മാണത്തിന് 1,26,081 കോടി രൂപ വേണ്ടിവരുമെന്നാണ്. ഒരു കിലോമീറ്റർ ദൂരം പാത നിർമ്മിക്കാൻ ഇന്ത്യൻ റെയിൽവേയ്ക്ക് 60 കോടി രൂപ മതി. കെ റെയിൽ പദ്ധതിയിൽ 121 കോടി രൂപയെന്ന് കാണിച്ചിരിക്കുന്നു. എന്നാൽ, നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം ഒരു കിലോമീറ്റർ സിൽവർ ലൈൻ പണിയാൻ 238 കോടി രൂപയെങ്കിലും വേണ്ടിവരും. എന്നുമാത്രമല്ല, 2025ന് ശേഷം വരുന്ന വർദ്ധിച്ച നിർമ്മാണച്ചെലവ് കണക്കാക്കിയാൽ രണ്ട് ലക്ഷം കോടിയിലേറേ രൂപ വേണ്ടിവരുമെന്ന ധനകാര്യ മന്ത്രാലയത്തിന്റെ റിപ്പോർട്ട് ശരിയാണെന്ന് സമ്മതിക്കേണ്ടിവരും. അതിൽ സിംഹഭാഗവും വായ്പയാണ്. എ.ഡി.ബി ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്താൽ എത്ര കുറഞ്ഞ പലിശയ്ക്കാണെങ്കിലും കേരളത്തെ അത് കടക്കെണിയിലേയ്ക്ക് നയിക്കും.

## വാദം മൂന്ന്

ഇപ്പോഴുള്ള റെയിൽവേ പാളങ്ങൾക്ക് 160 കീലോമീറ്ററിന് മുകളിൽ വേഗം കൈവരിക്കാൻ കഴിയാത്തതുകൊണ്ടാണ് പുതിയ പാത കെ റെയിൽ സ്റ്റാൻഡേർഡ് ഗേജിൽ നിർമ്മിക്കുന്നത്.

## വസ്തുത

വേഗതയെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവന. 200 കിലോമീറ്റർ വേഗത്തിലോടുന്ന തീവണ്ടി ആരുടെ അടിയന്തരാവശ്യകതയാണ് എന്ന് വിശദീകരിച്ചിട്ടില്ല. 4 മണിക്കൂർ കൊണ്ട് ആർക്കാണ് തീവണ്ടിയിൽ ഇത്ര വേഗതയിൽ സഞ്ചരിക്കേണ്ടത്? 90 ശതമാനം വരുന്ന സാധാരണക്കാരുടെ ആവശ്യമല്ലത്. രണ്ടാമത്തെ കാര്യം, സെമി ഹൈസ്പീഡ് റെയിൽ വന്നാലും ഇപ്പോഴത്തെ സ്ഥിതിയിൽ 132 കിലോമീറ്റർ വേഗതയ്ക്കപ്പുറം കൈവരിക്കാൻകഴിയില്ല. എന്നാൽ,ഇന്ത്യൻ റെയിൽവേ എല്ലാ എക്സ്പ്രസ്സ് ട്രെയിനുകളും 2025 ഓടെ, ബ്രോഡ്ഗേജിൽ 160 കിലോമീറ്റർ വേഗത്തിൽ ഓടിക്കാൻ പദ്ധതി തയ്യാറാക്കി നീങ്ങുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അപ്പോൾ, അപ്രായോഗികമായ സ്റ്റാൻഡേർഡ്ഗേജ് കേരളത്തിൽ അടിച്ചേൽപ്പിക്കുന്നത് എന്തിന്? അതിനുവേണ്ടി ഭീമമായ തുക വിദേശത്തുനിന്ന് കടം വാങ്ങുന്നതെന്തിന്?

## വാദം നാല്

പദ്ധതിയുടെ ഡിപിആർ വാണിജ്യരേഖയാണ്. അതുകൊണ്ടാണ് അത് പുറത്ത് വിടാത്തത്. റെയിൽവേ ബോർഡിന്റെ അന്തിമാനുമതിക്കായി കാത്തിരിക്കുന്നു.

## വസ്തുത

ഡിപിആർ അഥവാ വിശദപഠന റിപ്പോർട്ട് പരസ്യമാക്കാനാവില്ലായെന്നത് അതിവിചിത്രവും ജനാധിപത്യവിരുദ്ധവുമായ നിലപാടാണ്. ഏത് പദ്ധതിയുടെയും വിശദാംശങ്ങൾ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടാൽ നൽകണമെന്നാണ് നിയമം. സിൽവൽ ലൈൻ പ്രോജക്ടിന്റെ ഡിപിആർ വാണിജ്യരേഖയായതിനാൽ അത് രഹസ്യമായി സൂക്ഷിയ്ക്കണമെന്ന വാദം അംഗീകരിക്കാനാവില്ല. ഡിപിആർ പുറത്തുവിടാത്തത് ദുരൂഹമായ പദ്ധതിയുടെ യഥാർത്ഥ അജണ്ടകൾ പുറത്തുവരുമെന്ന ഭയം മൂലമാണ്. പദ്ധതി,റെയിൽവേപ്രോജക്ടാണെങ്കിൽ ഡിപിആർ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയേതീരൂ. റെയിൽവേയുടെ അന്തിമാനുമതിക്ക് മുമ്പ് ഭൂമിയെറ്റെടുക്കാൻ നിയമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് എന്തിന്?

## വാദം അഞ്ച്

സിൽവർ ലൈൻ പൂർണ്ണമായും ഹരിത പദ്ധതിയാണ്. കാർബൺ ബഹിർഗമനം ഒട്ടുമില്ല. കെ റെയിൽ വരുമ്പോൾ, റോഡിലെ വാഹന ഗതാഗതം ഗണ്യമായി കുറയുന്നതാണ് കാരണം.

## വസ്തുത

കേരളത്തിന്റെ പരിസ്ഥിതിയെയും ജനങ്ങളെയും ഒരേപോലെ ബാധിക്കുന്ന പദ്ധതി എങ്ങനെയാണ് ഹരിതമാകുന്നത്. കേരളത്തിലെ തണ്ണീർത്തടങ്ങൾ, കായലുകൾ, വനങ്ങൾ, ഇടവഴികളൊക്കെ നശിപ്പിക്കുന്ന പദ്ധതി അവശേഷിക്കുന്ന ഹരിതമേഖലകളെപ്പോലും വെറുതെ വിടില്ല. വനം കൈയേറ്റംവഴി ഇതിനകം സ്വാഭാവിക വനാവരണത്തിന്റെ 85 ശതമാനവും നഷ്ടപ്പെടാൻ ഇടയാക്കിക്കഴിഞ്ഞു. കരിങ്കൽ ക്വാറികൾക്ക് അനിയന്ത്രിതമായി അനുമതികൊടുക്കുന്നതുവഴി സഹ്യപർവ്വത നിരകൾ തലങ്ങും വിലങ്ങും കീറിമുറിക്കപ്പെട്ട സ്ഥിതിയിലാണ്. ഹരിതാഭ കേരളത്തെ അനുനിമിഷം തകർക്കാൻ കൂട്ടുനിൽക്കുന്നവർ കാർബൺ ബഹിർഗമനത്തെക്കുറിച്ച് വേവലാതിപ്പെടുന്നത് അപഹാസ്യമാണ്. കെ റെയിൽ വന്നാൽ പൊതുഗതാഗതത്തിൽ വാഹനങ്ങൾ കുറയുമെന്നത് ഭാവനയിൽ മെനയുന്ന കഥമാത്രമാണ്.

## വാദം ആറ്

നിലവിലുള്ള റെയിൽപ്പാതയുടേതുപോലെയാണ് സിൽവർ ലൈനിന്റെ എംബാങ്ക്മെന്റ്(മണൽതിട്ട) വരുന്നത്.

## വസ്തുത

കെ റെയിലിന് വേണ്ടി കെട്ടുന്ന പുതിയ മൺതിട്ടകൾ അഥവാ എംബാങ്ക്മെന്റ് നിലവിലുള്ളതിന് സമാനമല്ല. ഭൂരിപക്ഷം പ്രദേശങ്ങളിലും തറനിരപ്പിലാണ് റെയിൽപ്പാളങ്ങൾ. എന്നാൽ, സിൽവർ ലൈനിന്റെ 293 കിലോമീറ്റർ ദൂരത്തിൽ എംബാങ്ക്മെന്റ് കെട്ടും. പാത മുറിച്ചുകടക്കാൻ കഴിയില്ല. നിശ്ചയമായും, ഇന്ത്യൻ റെയിൽവേ പാളങ്ങളിൽനിന്ന് തികച്ചും വേറിട്ട പാത തന്നെയായിരിക്കും ഇത്. അതുകൊണ്ടാണല്ലോ വേറിട്ട പാത എന്ന് കെ റെയിൽ വക്താക്കൾ ഇതിനെ വിശേഷിപ്പിക്കുന്നത്.

## വാദം ഏഴ്

ട്രാഫിക് സർവ്വേയിലൂടെയാണ് സിൽവർ ലൈൻ ഉപയോഗിക്കാനിടയുള്ള യാത്രക്കാരുടെ എണ്ണം കണ്ടെത്തിയത്, 2025ൽ പ്രതിദിനം 80,000 യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്.

## വസ്തുത

വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ ഒരു ട്രാഫിക് സർവ്വേ നടത്തിയിട്ടില്ല. അതിവേഗതയിൽ തട്ടിക്കൂട്ടിയ റിപ്പോർട്ട് വിശ്വസനീയമല്ല. പ്രതിദിനം 80,000 യാത്രികർ കാസർകോഡ് മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്യുമെന്നത് ഭാവനാവിലാസം മാത്രമാണ്. രണ്ടരക്കോടി ജനങ്ങൾ കേന്ദ്രീകൃതമായി താമസിക്കുന്ന മുംബൈ-അഹമ്മദാബാദ് അതിവേഗ ട്രെയിനിൽപോലും പ്രതിദിനം 35,000 യാത്രക്കാരെ മാത്രമാണ് പ്രതീക്ഷിക്കുന്നത്.

## വാദം എട്ട്

റോ-റോ സംവിധാനത്തിൽ ചരക്ക് ലോറികൾ സിൽവർലൈൻ ട്രാക്കിൽ ഓടിക്കാൻ കഴിയും.

## വസ്തുത

ചരക്കുവണ്ടികൾ ഓടിക്കാൻ കഴിയുന്ന രീതിയിലാണോ സിൽവർപ്പാത നിർമ്മിക്കുന്നത്? ഇന്ത്യയിൽ ബ്രോഡ്ഗേജ് പാളങ്ങൾ തമ്മിലുള്ള അകലം 01.676 മീറ്ററാണ്. ചരക്കുവണ്ടികൾ അതിലൂടെ ഓടിക്കാൻ കഴിയും. എന്നാൽ, സിൽവർ ലൈൻ പാതയിൽ പാളങ്ങൾ തമ്മിലുള്ള അകലം 01.435 മീറ്റർ മാത്രം. മറ്റ് വണ്ടികൾക്ക് അതിൽ സഞ്ചരിക്കാൻ കഴിയില്ല. മാത്രവുമല്ല, ആക്സിൽ ലോഡ് സിൽവർ പാതയ്ക്ക് നൽകിയിട്ടുമില്ല. അതുകൊണ്ട് ചരക്ക് ഗതാഗതത്തിന്റെപ്രയോഗികതയെക്കുറിച്ച് സംശയങ്ങൾ ഉയർന്നിട്ടുണ്ട്.

## വാദം ഒമ്പത്

ലോകത്തെ മിക്ക രാജ്യങ്ങളിലും സ്റ്റാൻഡേർഡ് ഗേജ് സംവിധാനത്തിലാണ് വർഷങ്ങളായി അതിവേഗവണ്ടി ഓടുന്നത്. അന്താരാഷ്ട്ര മാനദണ്ഡമായ യുഎൻ, യുഐസി കോഡുകളുടെ അടിസ്ഥാനത്തിലാണിത്.

## വസ്തുത

ലോകത്തെ മിക്ക രാജ്യങ്ങളിലും സ്റ്റാൻഡേർഡ് ഗേജ് പാളങ്ങൾ നിലവിലുണ്ട് എന്നത് വാദത്തിന് സമ്മതിച്ചാൽപോലും കേരളത്തിൽ അത് സ്ഥാപിക്കുന്നതിനുള്ള ന്യായീകരണമാകുന്നില്ല. ഇന്ത്യയിലെ റെയിൽവേ 96 ശതമാനവും ബ്രോഡ്ഗേജിലാണ്. കേരളത്തിലാകട്ടെ സ്റ്റാൻഡേർഡ് ഗേജിൽ വേറിട്ട പാത ആവശ്യവുമില്ല. വികസിത രാജ്യങ്ങൾ ഉപേക്ഷിച്ച സാങ്കേതിക വിദ്യയും ഉൽപ്പന്നങ്ങളും മറ്റ് രാജ്യങ്ങൾക്ക് വിൽക്കുകയെന്നത് അവരുടെ ബിസിനസ് താൽപര്യവുമായി ബന്ധപ്പെട്ടതാണ്. അതിന് ഒരുപക്ഷേ, വിദേശരാജ്യങ്ങൾ ചെറിയ പലിശയ്ക്ക് വായ്പ നൽകിയെന്നും വരാം. പക്ഷേ, വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന സാങ്കേതിക വിദ്യയും വായ്പയും സ്വീകരിക്കണോ എന്ന ചോദ്യമാണ് പരമപ്രധാനം. കമ്മിഷൻ തട്ടിയെടുക്കാൻ പദ്ധതി വക്താക്കൾക്ക് അവസരം കൈവരുമെന്നല്ലാതെ മറ്റെന്ത് ഗുണം? വിദേശ രാജ്യങ്ങളിലെ സാഹചര്യങ്ങളുമായി കേരളത്തെ തുലനം ചെയ്യേണ്ടതില്ല.

## വാദം പത്ത്

യാത്രാക്കൂലി കൂടുതൽ അല്ല. കാസർഗോഡ്-തിരുവനന്തപുരം-1460 രൂപ, തിരുവനന്തപുരം -കൊച്ചി – 540 രൂപ. പ്രതിദിനം റോഡ് വഴി യാത്ര ചെയ്യുന്നവരിൽ 46,206 പേർ സിൽവർ ലൈനിലേയ്ക്ക് മാറും. അങ്ങനെ, 12,872 വാഹനങ്ങൾ ആദ്യവർഷം തന്നെ റോഡിൽനിന്ന് ഒഴിയും. ഗതാഗതക്കുരുക്ക് കുറയും.

## വസ്തുത

കെ റെയിൽ വക്താക്കൾ പറയുന്ന ഉയർന്ന യാത്രാനിരക്ക് മാത്രം മതി കേരളത്തിലെ മഹാഭൂരിപക്ഷം യാത്രക്കാരും കെ റെയിൽ വണ്ടിയിൽ കയറില്ലായെന്ന് ഉറപ്പാക്കാൻ. എസി ചാർജ്ജിൽ യാത്ര ചെയ്യുന്നവർ ചെറിയ ശതമാനം യാത്രക്കാർ മാത്രമാണ്. പന്ത്രണ്ടായിരം വാഹനങ്ങൾ റോഡിൽനിന്ന് ഒഴിവാകുമെന്നൊക്കെ വെറുതെ തട്ടിവിടുന്നതാണ്. ജനങ്ങൾക്ക് വേണ്ടിയല്ല ഈ പാതയെന്ന് കെ റെയിൽ വക്താക്കൾ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കുകയാണ് ഈ വാദങ്ങളിലൂടെ.

## വാദം പതിനൊന്ന്

പാത ഇരട്ടിപ്പിച്ചാൽ വേഗത കൂടില്ല. കുറഞ്ഞ സമയം അതിവേഗം എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ പാത ഇരട്ടിപ്പിക്കുന്നതുകൊണ്ട് കഴിയില്ല. സിഗ്നലിംഗ് സിസ്റ്റം മെച്ചപ്പെടുത്തിയാലും 200 കിലോമീറ്റർ വേഗം കൈവരിക്കാനാകില്ല.

## വസ്തുത

പാത ഇരട്ടിപ്പിക്കൽ വേഗത കൂട്ടില്ലായെന്ന വാദത്തിന് അടിസ്ഥാനമില്ല. പാത ഇരട്ടിപ്പിക്കലും സിഗ്നലിംഗ് സിസ്റ്റം മെച്ചപ്പെടുത്തലും വളവുകൾ നേർപാതയിലാക്കലും തീവണ്ടികളുടെ വേഗത വർദ്ധിപ്പിക്കും എന്നത് സുനിശ്ചിതമായ കാര്യമാണ്. കുറച്ചുപേരുടെ വേഗത്തിലുള്ള യാത്രയ്ക്കുവേണ്ടി കേരളത്തിലെ ചെറിയ റോഡുകളിലൂടെ സഞ്ചരിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ യാത്രാവകാശങ്ങൾ കവർന്നെടുക്കുന്നത് അനുവദിക്കാനാവില്ല.

## വാദം പന്ത്രണ്ട്

സിൽവർ ലൈൻ വികസനത്തിന്റെ വെള്ളിരേഖ. അനിവാര്യമായ പദ്ധതി. കേരളത്തിന് ഒഴിവാക്കാനാകില്ല.

## വസ്തുത

കെ റെയിൽ അനിവാര്യം എന്ന് മുഖ്യമന്ത്രി പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. പദ്ധതിയെ വികസനത്തിന്റെ വെള്ളിരേഖ എന്നൊക്കെ കൊണ്ടാടുമ്പോൾ, എന്തുതരം വികസനമാണ് മുഖ്യമന്ത്രിയും കൂട്ടരും ജനങ്ങൾക്ക് സമ്മാനിക്കുന്നതെന്നുകൂടി പറയണം. കേരളത്തെ കീറിമുറിക്കുന്ന പാത നിർമ്മിച്ചാൽ ചുറ്റുവട്ടത്തൊക്കെ വ്യവസായവികസനം വരും എന്നൊക്കെ പറയുന്നത് അസംബന്ധമാണ്. നേരേമറിച്ച് ആയിരക്കണക്കിന് ചെറുകിട സംരംഭങ്ങളെയും വ്യാപാര സ്ഥാപനങ്ങളെയും കാർഷികവൃത്തിയിൽ ഏർപ്പെട്ടുജീവിക്കുന്നവരെയും തകർക്കുന്നതാണ് കെ റെയിൽ. അതെങ്ങനെ കേരളത്തിന്റെ അനിവാര്യപദ്ധതിയാകുമെന്ന് മുഖ്യമന്ത്രിക്ക് വിശദീകരിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

## വാദം പതിമൂന്ന്

സമരം നടത്തുന്നത് തീവ്രവാദികൾ.

## വസ്തുത

സമരവിരുദ്ധമായ സ്ഥിരം പല്ലവി. കെ റെയിൽ വരുമ്പോൾ കുടിയിറക്കപ്പെടുന്നവരും കേരളത്തെ മനുഷ്യനിർമ്മിതമായ പാരിസ്ഥിതിക ദുരന്തങ്ങളിലേയ്ക്ക് തള്ളിവിടുന്നതിൽ ആശങ്കയുള്ളവരുമായ ജനങ്ങൾ സ്വന്തം സമര സമിതികളിൽ സംഘടിച്ചുനടത്തുന്ന അതിജീവന സമരത്തെ തീവ്രവാദികൾ നടത്തുന്ന സമരം എന്നൊക്കെ ആക്ഷേപിക്കുന്നത് ശുദ്ധ ഭോഷ്ക്കാണ്. മൂലധനശക്തികൾക്ക് കേരളത്തെ പതിച്ചുനൽകുന്ന വിനാശ പദ്ധതിക്കെതിരെയാണ് ജനകീയ സമരം വളർന്നുവരുന്നത്. സിപിഐ(എം) പാർട്ടിയിൽപ്പെട്ടവരും ഈ സമരത്തിന്റെ മുൻനിരയിലുണ്ട്.അതൊന്നും കാണാൻ കഴിയാത്തവിധം മൂലധന സേവയിൽ അഭിരമിക്കുന്ന ഉന്നത നേതാക്കൾ ബംഗാളിലെ നന്ദിഗ്രാമിൽനിന്ന് ഒരു പാഠവും പഠിച്ചിട്ടില്ലായെന്നതാണ് ഇത്തരം അധിക്ഷേപാർഹമായ പ്രസ്താവനകളിൽ തെളിയുന്നത്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നൂറുകണക്കിന് സഖാക്കളും ഈ സമരത്തോടൊപ്പമുണ്ട്. അങ്ങേയറ്റം ജനാധിപത്യ മാർഗ്ഗത്തിലാണ് ഈ സമരം വളർന്നുവരുന്നത്. കെ റെയിൽ സിൽവൽ ലൈൻ വിരുദ്ധ ജനകീയ സമിതിയാണ് പ്രക്ഷോഭം നയിക്കുന്നത്. കേരളത്തിലെ ഏതാണ്ട് മുഴുവൻ രാഷ്ട്രീയ പാർട്ടികളും സാമൂഹിക പ്രസ്ഥാനങ്ങളും പരിസ്ഥിതി പ്രവർത്തകരും ഇതോടൊപ്പമുണ്ട്. സർവ്വോപരി, കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും സമരത്തോടൊപ്പമാണ്. യാഥാർത്ഥ്യങ്ങൾ എന്തെന്ന് കാണാനുള്ള ശേഷി എൽഡിഎഫിന് നഷ്ടപ്പെട്ടാൽ ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന സ്ഥിതിയാവും ഉണ്ടാകുക എന്നുറപ്പാണ്. ■

# പിണറായി സർക്കാരിന്റെ പോലീസ് നയം

**ഒ**ന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഏറ്റവും വിമർശനവിധേയമായത് മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്ത ആഭ്യന്തരവകുപ്പാണ്. പൊലീസിനെ കയറൂരിവിട്ടുകൊണ്ടുള്ളതായിരുന്നു പൊലീസ് നയം. ഏറ്റുമുട്ടൽ, കസ്റ്റഡി കൊലപാതകങ്ങൾ തുടങ്ങി, ഒരു ജനാധിപത്യസമൂഹത്തിന് നിരക്കാത്ത പ്രവൃത്തികൾ നിരന്തരം പൊലീസിന്റെ ഭാഗത്തുനിന്നുണ്ടായി. അപ്പോഴെല്ലാം കുറ്റക്കാരായ ഉദ്യോഗസ്ഥരെ പരസ്യമായി ന്യായീകരിച്ച് രക്ഷപ്പെടുത്തുന്ന സമീപനമാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. രണ്ടാം തവണ എൽഡിഎഫ് അധികാരത്തിലേറിയപ്പോഴും പൊലീസ് ഉദ്യോഗസ്ഥരുടെ പേരുകൾ കുറ്റകൃത്യങ്ങളോട് ചേർത്ത് ഉയർന്നുവരുന്നു. പലവട്ടം പറഞ്ഞിട്ടും പൊലീസിനൊരു മാറ്റവുമില്ലെന്ന് കേരള ഹൈക്കോടതിപോലും പരിതപിക്കുന്നു. പൊലീസ് സംവിധാനം, വേലി തന്നെ വിളവു തിന്നുന്ന സ്ഥിതിയിലേക്ക് അധഃപതിക്കാൻ പാടില്ലെന്ന് സിപിഐ മുഖപത്രംപോലും അഭിപ്രായപ്പെട്ടു.

പൊലീസിന് അടുത്തിടെ ഏറ്റവും നാണക്കേടുണ്ടാക്കിയ സംഭവമാണ് പുരാവസ്തു തട്ടിപ്പുകാരനായ മോൺസൺ മാവുങ്കലുമായി ബന്ധപ്പെട്ടുണ്ടായത്. വ്യാജപുരാവസ്തു ശേഖരവും ഉന്നതബന്ധങ്ങളും കാണിച്ച് കോടികളുടെ തട്ടിപ്പാണ് ഇയാൾ നടത്തിയതത്രേ. അന്വേഷണം പുരോഗമിക്കുമ്പോൾ വ്യാജചികിത്സയും സാമ്പത്തികതട്ടിപ്പുകളും സ്ത്രീപീഡനവും പോക്സോ കേസുമടക്കമാണ് ഇയാൾക്കെതിരെ ഒന്നൊന്നായി ഉയർന്നുവരുന്നത്. സംസ്ഥാന പൊലീസ് മേധാവിയായിരുന്ന ലോകനാഥ് ബെഹ്റയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും ഇയാളുടെ അതിഥികളായിരുന്നു. ഇത്തരം ബന്ധങ്ങൾ കാണിച്ചുകൊണ്ടാണ് ഇയാൾ തന്റെ തട്ടിപ്പുകൾ തുടർന്നതും. ആലുവയിൽ നിയമവിദ്യാർത്ഥിനിയായ മോഫിയ പർവീൺ ആത്മഹത്യ ചെയ്തത് ആലുവ സിഐയുടെ പേരെഴുതി വെച്ചിട്ടാണ്. ഭർതൃപീഡനത്തിനെതിരെ പരാതിയുമായി ആലുവ ഈസ്റ്റ് പൊലീസിനെ സമീപിച്ചെങ്കിലും സിഐയിൽനിന്നും വളരെ മോശമായ അനുഭവമാണ് ഉണ്ടായത്. നേരത്തെ, ഏറെ ചർച്ചചെയ്യപ്പെട്ട ഉത്ര വധക്കേസിന്റെ തുടക്കത്തിൽ ഇയാൾ സ്വീകരിച്ച നടപടികൾ വിവാദമായതാണ്. എന്നാൽ കൂടുതൽ പ്രാധാന്യമുള്ള ആലുവ പോലെയൊരു സ്റ്റേഷനിലേക്ക് സ്ഥലംമാറ്റി ഇയാളെ സംരക്ഷിക്കുകയാണ് ഉണ്ടായത്. ഇയാൾക്കെതിരെ നടപടി ആവശ്യപ്പെട്ട് സമരത്തിനിറങ്ങിയ മൊഫിയയുടെ സഹപാഠികൾക്കെതിരെയും കേസെടുത്തു. പ്രതിപക്ഷത്തിന്റെയടക്കം പ്രതിഷേധം ശക്തമായപ്പോൾ മുഖം രക്ഷിക്കാൻവേണ്ടി മാത്രമൊരു സസ്പെൻഷനും.

വാദിയെ പ്രതിയാക്കുന്ന സംഭവവും നമ്മുടെ പൊലീസ് സ്റ്റേഷനുകളിൽ നടക്കുന്നുണ്ട്. തെന്മല സ്റ്റേഷനിൽ പരാതി നൽകാനെത്തിയ ഉറുകുന്ന് സ്വദേശി രാജീവിനെ വിലങ്ങ് അണിയിച്ചുനിർത്തി മർദ്ദിച്ചതിനെതിരെയുള്ള ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൊച്ചിയിൽ മോഡലുകളായ പെൺകുട്ടികൾക്കുണ്ടായ ദാരുണമായ അപകടമരണത്തിനുപിന്നിലുള്ള ദുരൂഹതകളിലും പൊലീസിന്റെ പങ്ക് സംശയകരമാണ്. അന്നേദിവസം നിശാപാർട്ടിയിൽ ഉണ്ടായിരുന്ന ഒരു ഉന്നത പൊലീസ് ഉദ്യോഗസ്ഥനെ സംരക്ഷിക്കാനാണ് പൊലീസ് ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് ആരോപണം. ആറ്റിങ്ങലിനടുത്ത്, എട്ടുവയസ്സായ മകളുമായി റോഡിലിറങ്ങിയ ജയചന്ദ്രന് പിങ്ക് പൊലീസ് പട്രോളിലെ രജിത എന്ന ഉദ്യോഗസ്ഥയിൽനിന്നും നേരിടേണ്ടി വന്നത് ക്രൂരവും അപമാനകരവുമായ അനുഭവമായിരുന്നു. ഈ വിഷയത്തിൽ ഹൈ കോടതി അതിരൂക്ഷമായി ആ പൊലീസ് ഉദ്യോഗസ്ഥയുടെ നടപടിയെ കുറ്റപ്പെടുത്തുകയും ചെയ്തു.

വിവാദമായ അനുപമ സംഭവത്തിലെ പൊലീസ് ഒത്തുകളിയും വാർത്തയായതാണ്. തന്റെ കുഞ്ഞിനെ തിരിച്ചുകിട്ടുന്നതിനായി അനുപമ എന്ന ചെറുപ്പക്കാരിയായ അമ്മ പൊലീസിലും ശിശുക്ഷേമസമിതിയിലുമെല്ലാം പരാതികൾ നൽകിയിരുന്നു. മാസങ്ങളോളം പൊലീസ് ഇതിന്മേൽ യാതൊരു നടപടിയുമെടുത്തില്ല. നിവൃത്തിയില്ലാതെ അനുപമ സമരത്തിനിറങ്ങി, അത് വാർത്തയായ ശേഷമാണ് ഈ വിഷയത്തിൽ പ്രഥമ വിവര റിപ്പോർട്ട് ഫയൽ ചെയ്യാൻതന്നെ പൊലീസ് തയ്യാറായത്. ഇപ്പോൾ കുട്ടിയെ അനുപമയ്ക്ക് തിരികെ ലഭിച്ചെങ്കിലും, എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തി കുട്ടിയെ തട്ടിയെടുത്ത് നിയമവിരുദ്ധ ദത്ത് നൽകിയ ക്രിമിനൽ കുറ്റം അവശേഷിക്കുന്നു. അത് ചെയ്ത അനുപമയുടെ അച്ഛനും ശിശുക്ഷേമസമിതി ഭാരവാഹികളും ഭരണകക്ഷി നേതാക്കളാണ്. തിരുവനന്തപുരത്തുതന്നെയാണ് വഴിയോരത്ത് മീൻ വിൽപ്പന നടത്തുകയായിരുന്ന സ്ത്രീയുടെ മീൻകുട്ട ചവിട്ടിത്തെറിപ്പിച്ച് പൊലീസ് പരാക്രമം കാണിച്ചതും.

ലോക്ക്ഡൗണിന്റെ പേരിൽ പൊലീസിന് സർക്കാർ അത്യുത്സാഹത്തോടെ അമിതാധികാരങ്ങൾ നൽകി. നിലനിൽപ്പിനായി നെട്ടോട്ടമോടേണ്ടിവന്ന സാധാരണക്കാരന്റെമേൽ പിഴ ചാർത്തിയും അവന്റെ മെക്കിട്ടു കയറിയുമായിരുന്നു കോവിഡ് പ്രതിരോധം. പൊലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന തെറ്റുകൾ ആരെങ്കിലും ഉന്നയിച്ചാൽ അത് പൊലീസിന്റെ മനോവീര്യം കെടുത്തുമെന്ന് പറയും. മറുവശത്ത് തെറ്റുകൾ ചെയ്യുന്ന പൊലീസുകാർക്കെതിരെ നടപടിയുണ്ടാകുന്നില്ലെന്നു മാത്രമല്ല, അവർ സംരക്ഷിക്കപ്പെടുകയുമാണ്. പാലക്കാട്ടെ നെഹ്റു കോളേജിൽ കൊലചെയ്യപ്പെട്ട തന്റെ മകന് നീതിക്കായി, പൊലീസ് ആസ്ഥാനത്തെത്തിയ മഹിജയെന്ന അമ്മയെ വലിച്ചിഴച്ച് ക്രൂരമായി കൈകാര്യം ചെയ്തവരാണ് നമ്മുടെ പൊലീസ്. അതേ പൊലീസ് മേധാവിയെ സന്ദർശിക്കാനെത്തിയ മോൺസൺ മാവുങ്കലിനാകട്ടെ, ചുവപ്പ് പരവതാനി വിരിച്ചുള്ള സ്വീകരണമാണ് ലഭിച്ചത്. നീതിക്കായി കേഴുന്ന സാധാരണക്കാരനോട് കയ്യൂക്കിന്റെ ഭാഷയിൽ പെരുമാറുകയും, നിയമവിരുദ്ധപ്രവർത്തനം നടത്തുന്ന സമ്പന്നവർഗത്തിനുമുന്നിൽ വിധേയരായി നിൽക്കുകയും ചെയ്യുന്ന ഈ പൊലീസ് ആരോടൊപ്പമാണ്?

മറുവശത്ത്, സാധാരണക്കാരന് നീതിയും സുരക്ഷയും ഉറപ്പാക്കുന്നതിൽ പൊലീസ് എത്രത്തോളം വിജയിക്കുന്നുണ്ട്? മാധ്യമശ്രദ്ധ പിടിച്ചുപറ്റിയ ചില കേസുകളിൽ വേഗത്തിൽ നടപടികളുണ്ടായെന്നത് ശരിയാണ്. പക്ഷേ, ഉത്രയുടെയും വിസ്മയയുടെയും കേസുകൾ തൊട്ടുമുന്നിലുള്ളപ്പോഴാണ് മൊഫിയയ്ക്ക് ഈ അനുഭവം നേരിട്ടിരിക്കുന്നത്. ലഹരികടത്ത്, ക്വട്ടേഷൻ സംഘങ്ങൾ ശക്തി പ്രാപിക്കുമ്പോൾ പൊലീസ് എവിടെയാണ്? പിടിച്ചുപറിയും കൊലപാതകവും മോഷണവും വീടുകയറിയുള്ള അതിക്രമങ്ങളും വർധിക്കുന്നു. രാഷ്ട്രീയകൊലപാതകങ്ങളും, വർഗീയസംഘർഷങ്ങളും, വർഗീയത പരത്താനുള്ള പരസ്യശ്രമങ്ങളും നടക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളും വർധിക്കുകയല്ലേ? കേസെടുക്കുന്നതിൽ തീരേണ്ടതല്ലല്ലോ ഇതിലൊന്നും പൊലീസിന്റെ ഉത്തരവാദിത്തം. പരാതിയുമായി സ്റ്റേഷനിലെത്തുന്ന പൗരൻ അപമാനിക്കപ്പെടുന്നു. ഇവിടെ, ശിക്ഷാനടപടികൾക്കുപുറമെ, പൊലീസ് സേനയുടെ മനോഭാവം മാറ്റാനും ജനാധിപത്യസമൂഹത്തിന് യോജിച്ച തരത്തിൽ അതിനെ പരിവർത്തനപ്പെടുത്താനും ആത്മാർത്ഥതയുള്ള കർശനനടപടികൾ വേണം. പക്ഷേ അങ്ങനെയൊരു മാറ്റത്തിന് ഭരണകൂടത്തിന്റെ വർഗസ്വഭാവം അനുവദിക്കുകയില്ല എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം.

ദേശീയപാതയുടെ സ്ഥലമെടുപ്പിനും ഗെയിൽ പദ്ധതിക്കുമൊക്കെ എതിരെ നടക്കുന്ന ജനകീയസമരങ്ങളെ പൊലീസിന്റെ കൈക്കരുത്തുപയോഗിച്ച് അടിച്ചമർത്തി മുന്നോട്ടുപോകാനാണ് പിണറായി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആലപ്പുഴയിലെ തോട്ടപ്പള്ളിയിൽ നടക്കുന്ന കരിമണൽ ഖനനവിരുദ്ധസമരത്തിലെ നേതാവും റിട്ട. തഹസീൽദാരുമായ സഖാവ് ഭദ്രനെ എത്ര മൃഗീയമായാണ് പൊലീസ് പരസ്യമായി കൈകാര്യം ചെയ്തത്. ഇപ്പോൾ ആരെതിർത്താലും കെ റയിൽ എന്ന വിനാശപദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് പറയുന്നത് ജനകീയ സമരത്തെയും എതിർപ്പിന്റെ സ്വരത്തെയും പൊലീസിനെ ഉപയോഗിച്ച് അടിച്ചമർത്താം എന്ന അഹങ്കാരംകൊണ്ടാണ്. പൗരത്വബില്ലിനെതിരെ സമരങ്ങൾ നടത്തിയവർക്കെതിരെയുള്ള കേസുകൾ പ്രതിപക്ഷപാർട്ടികൾ ഭരിക്കുന്ന മറ്റെല്ലാ സംസ്ഥാനങ്ങളിലും പിൻവലിച്ചിട്ടും, സിപിഐ(എം) ഭരിക്കുന്ന കേരളം ഇനിയും അതിന് തയ്യാറായിട്ടില്ല. പ്രബലപാർട്ടികൾ ഒഴികെയുള്ളവർക്ക് പ്രതിഷേധത്തിനോ പ്രചരണത്തിനോ പൊലീസ് അനുമതി നിഷേധിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. നോക്കുകൂലി വിഷയത്തിലടക്കം പൊലീസിന് തൊഴിൽ തർക്കങ്ങളിൽ ഇടപെടാനുള്ള അമിതാധികാരം നൽകുകയാണോ ഒരു ഇടതുപക്ഷ സർക്കാർ ചെയ്യേണ്ടത്? പ്രതിസന്ധി ഗ്രസ്തമായ മുതലാളിവർഗത്തിന്റെ താത്പര്യമാണ് പിണറായി വിജയൻ സർക്കാരിനെ നയിക്കുന്നതും അവരുടെ പൊലീസ് നയത്തെ നിശ്ചയിക്കുന്നതും എന്ന് വ്യക്തമാവുകയാണ്.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് മാവോയിസ്റ്റ് വേട്ട എന്ന പേരിൽ ഏറ്റുമുട്ടൽ കൊലകൾ നടന്നത്. ഹെൽമറ്റ് വേട്ടയുടെയും പരിശോധനകളുടെയും പേരിൽ വയോധികർ ഉൾപ്പടെ പൊലീസിന്റെ കയ്യേറ്റങ്ങൾക്ക് വിധേയരാകുന്നു. കൊച്ചുകുട്ടിയെപോലും തല്ലിച്ചതച്ചും ജനങ്ങളെ ഏത്തമിടീച്ചും ഐപിഎസ് ഉന്നതർ ആനന്ദിക്കുന്നു. മുഖ്യമന്ത്രിക്കെതിരെ സമൂഹമാധ്യമങ്ങളിലൂടെ വിമർശനം ഉന്നയിച്ചതിന്റെപേരിൽ എത്രയോ കേസുകളാണ് പൊലീസ് എടുത്തത്. സൈബർ ആക്രമണങ്ങൾ നേരിട്ട സാധാരണക്കാരായ സ്ത്രീകൾ നൽകിയ സമാനപരാതികളിൽ ആ ആവേശം കാണിച്ചിട്ടുമില്ല. പൊലീസിനുള്ളിൽ സംഘപരിവാർ പിടിമുറുക്കുന്നു എന്ന ആരോപണം കഴിഞ്ഞ സർക്കാരിന്റെ കാലത്തേ ഉണ്ടായതാണ്. ഇത്തവണ ഈ ആരോപണം സിപിഐയുടെ ദേശീയനേതാവായ ആനി രാജക്കുതന്നെ ഉന്നയിക്കേണ്ടിവന്നു. ഇതേ പൊലീസ് വാളയാറിൽ രണ്ട് കുഞ്ഞുങ്ങൾക്കെതിരേ നടന്ന അതിക്രമത്തിൽ എന്തു നടപടി സ്വീകരിച്ചു? അലൻ-താഹ കേസിൽ അന്യായമായി യുഎപിഎ ചുമത്തി. ഇതിനുപുറമെ, ജനങ്ങളുടെയും മാധ്യമങ്ങളുടെയും അഭിപ്രായസ്വാതന്ത്ര്യത്തെതന്നെ തടയാൻ പൊലീസിന് അധികാരം നൽകുന്ന തരത്തിലുള്ള കേരള പൊലീസ് ആക്ട് ഭേദഗതി പോലും കഴിഞ്ഞ സർക്കാർ കൊണ്ടുവരികയുണ്ടായി. വരാപ്പുഴയിലെ ശ്രീജിത്തും, ഇടുക്കിയിലെ രാജ്കുമാറുമടക്കം എത്രയോ ജീവനുകൾ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കേരളത്തിലെ പൊലീസിന്റെ കൈകളിൽ പൊലിഞ്ഞു.

ഇന്ത്യയിലെ പൊലീസ് സംവിധാനം അടിസ്ഥാനപരമായി മുതലാളിത്ത ഭരണകൂടതാത്പര്യങ്ങൾമാത്രം നടപ്പാക്കാൻ ഉദ്ദേശിച്ച് നിലനിർത്തിയിരിക്കുന്ന ഒന്നാണ്. അതിനെ ജനാധിപത്യവത്ക്കരിക്കാനുള്ള യാതൊരു ശ്രമവും നാളിതുവരെ നടത്തിയിട്ടില്ല. ഒരു ജനാധിപത്യ സമൂഹത്തിന് യോജിച്ച തരത്തിൽ പരിശീലനരീതികൾപോലും മാറ്റുന്നില്ല. ഇടതുപക്ഷം എന്ന പേരിൽ ഭരിക്കുന്നവർ തണ്ടർബോൾട്ട് പോലെയുള്ള കൂടുതൽ ഭീഷണമായ മർദ്ദനസംവിധാനങ്ങളും സൈബർ ഡോമുകൾ പോലെയുള്ള നിരീക്ഷണസംവിധാനങ്ങളും രൂപപ്പെടുത്തുകയാണ്. ബൂർഷ്വാ ജനാധിപത്യത്തിന്റെ മൂല്യങ്ങളെതന്നെ മുതലാളി വർഗ്ഗം തള്ളിക്കളയുകയാണ്. പൊലീസ്-സേനാവിഭാഗങ്ങളെയെല്ലാം മർദ്ദന ഉപകരണങ്ങളാക്കി തൊഴിലാളിവർഗത്തിന്റെയും ബഹുജനങ്ങളുടെയും എല്ലാവിധ പ്രതിഷേധങ്ങളെയും അടിച്ചമർത്താനാണ് അവർ ശ്രമിക്കുക. ഈ മുതലാളിത്തവർഗ താത്പര്യം തന്നെയാണ് കേരള ഭരണത്തിലും വ്യക്തമാവുന്നത്.

പൊലീസുകാർ പലപ്പോഴും വളരെ മനുഷ്യത്വരഹിതമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നവരാണ്. ജോലിസമയം പോലും പലപ്പോഴും ക്ലിപ്തമല്ല. മേലധികാരികളുടെ പീഡനങ്ങളുടെ മുറിവുകളും അവർക്ക് ഉള്ളിൽ പേറേണ്ടിവരുന്നു. ജോലി സമയത്തിന്റെ വർധനക്ക് അനുസരിച്ചുള്ള ശമ്പളമോ ആനുകൂല്യങ്ങളോ ഉണ്ടാകാറുമില്ല. പൊലീസുകാരുടെ മോശം പെരുമാറ്റത്തിൽ ഈ തൊഴിൽപരമായ സമ്മർദ്ദങ്ങളും ഒരു ഘടകമാണ്. അതുകൊണ്ട്, പൊലീസിനെ മെച്ചപ്പെടുത്തണമെന്ന് ആത്മാർത്ഥമായി ആഗ്രഹമുള്ള ഏതൊരു സർക്കാരും ആദ്യം ചെയ്യേണ്ടത് പൊലീസിന്റെ തൊഴിൽസാഹചര്യങ്ങളും വരുമാനവും മെച്ചപ്പെടുത്തുകയും, അവരുടെ പരിശീലനം ജനാധിപത്യസമൂഹത്തിന് നിരക്കുന്ന രീതിയിൽ ഉടച്ചുവാർക്കുകയുമാണ്. തെറ്റുചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടികളെടുക്കണം. ഏറ്റവും പ്രധാനമായി ഒരു ഇടതുപക്ഷസർക്കാരിന്റെ കടമ, ന്യായമായ ജനകീയസമരങ്ങളിലും തൊഴിൽസമരങ്ങളിലും നിന്ന് പൊലീസിനെ പിൻവലിക്കുകയെന്നതാണ്. അതായത്, ഭരണകൂടത്തിന്റെയും ഭരണവർഗത്തിന്റെയും മർദ്ദന ഉപകരണമായി പൊലീസ് മാറുന്നത് തടയുകയെന്നതാണ് തൊഴിലാളിവർഗ നിലപാടുള്ള ഒരു സർക്കാർ ചെയ്യേണ്ടത്. ■

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2021 December
Price: Rs. 5.00

# പൊരുതുന്ന യുവാക്കൾക്ക് നവോർജ്ജം നൽകി എഐഡിവൈഒ സംസ്ഥാന സമ്മേളനം

**തൊ**ഴിലില്ലായ്മ ഉൾപ്പെടെ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് സമര രംഗത്ത് നിൽക്കുന്ന നൂറുകണക്കിന് യുവാക്കൾ ഒത്തുചേർന്ന മൂന്നാമത് എഐഡിവൈഒ സംസ്ഥാന സമ്മേളനം വിജയകരമായി നടന്നു.നവംബർ 21 ന് തിരുവനന്തപുരം വക്കം അബ്ദുൾ ഖാദർ നഗറിൽ (ഹസൻ മരയ്ക്കാർ ഹാൾ) സംഘടിപ്പിച്ച സമ്മേളനത്തിന്റെ പ്രചാരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടത്തിയതിനുശേഷമാണ് പ്രതിനിധി സഖാക്കൾ സമ്മേളനത്തിന് എത്തിച്ചേർന്നത്. യുവജന സമരോർജ്ജം സന്നിവേശിപ്പിച്ച രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പങ്ങളർപ്പിച്ചുകൊണ്ട് എഐഡിവൈഒ അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് എ.രാമാഞ്ജനപ്പ പതാക ഉയർത്തി. ജനാധിപത്യം-പുരോഗതി-സോഷ്യലിസം എന്നെഴുതിയ ചെങ്കൊടി വാനിൽ പറക്കുമ്പോൾ വീറ്റുറ്റ മുദ്രാവാക്യം വിളികളോടെ സഖാക്കൾ സമ്മേളന ഹാളിലേയ്ക്ക് പ്രവേശിച്ചു. ഗായക സംഘം മനോഹരങ്ങളായ വിപ്ലവഗാനങ്ങൾ ആലപിച്ചു.

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് ജയ്സൺ ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. 'ജനതാല്പര്യംതെല്ലും പരിഗണിക്കാതെ, കുത്തകകൾക്കുവേണ്ടി കാർഷിക നിയമങ്ങൾ ആവിഷ്കരിച്ച മോഡി സർക്കാരിനെ വീറ്റുറ്റ പോരാട്ടങ്ങളിലൂടെ മുട്ടുകുത്തിച്ച കർഷക സമരത്തിന്റെ വിജയം, തൊഴിലില്ലായ്മയ്ക്കെതിരെ പൊരുതുന്ന യുവാക്കൾക്ക് കരുത്തു പകരുമെന്ന് സഖാവ് ജയ്സൺ ജോസഫ് പറഞ്ഞു. തൊഴിലില്ലായ്മ പ്രശ്നം, സമൂഹത്തെ അങ്ങേയറ്റം ദുഃസ്സഹമായ സാഹചര്യത്തിലെത്തിച്ചിരിക്കുകയാണ്. നൂറുരൂപപോലും വരുമാനം ലഭിക്കാത്ത സാഹചര്യത്തിലും ആയിരക്കണക്കിന് ചെറുപ്പക്കാരാണ് തെരുവോരങ്ങളിൽ കച്ചവടം ചെയ്യാനും ഹോം



എഐഡിവൈഒ സംഘിപ്പിച്ച മൂന്നാമത് സംസ്ഥാന യുവജന സമ്മേളനം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് ജയ്സൺ ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

ഡലിവറി ജോലിക്കും നിർബന്ധിതരാകുന്നത്. ഈ സാഹചര്യം സൃഷ്ടിക്കുന്ന നയങ്ങൾക്കെതിരായി, യുവാക്കളുടെ സമരനിരയെ ദിശാബോധത്തോടെ നയിക്കാൻ എഐഡിവൈഒയുടെ ഓരോ പ്രവർത്തകനും മുന്നിലുണ്ടാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

തുടർന്ന്, സമ്മേളനത്തിൽ, കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന പ്രമേയം അവതരിപ്പിച്ചു. കഠിനതരമായ വെല്ലുവിളികളെ അതിജീവിച്ച് വിജയം വരിച്ച കർഷകർക്ക് പിൻതുണ പ്രഖ്യാപിക്കുന്ന പ്രമേയത്തെ ആവേശകരമായാണ് സദസ്സ് സ്വീകരിച്ചത്. ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് എൻ.കെ. ബിജു അധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ പ്രസിഡന്റ് എ. രാമാഞ്ജനപ്പ മുഖ്യപ്രഭാഷണം നടത്തി. എഐഡിവൈഒ അഖിലേന്ത്യാ വൈസ്പ്രസിഡന്റ് ഡോ. ശശികുമാർ, സിക്കിം സംസ്ഥാന കമ്മിറ്റി പ്രതിനിധി ഭാനുഭക്ത ശർമ, സ്വാഗതസംഘം ചെയർമാൻ എൽ.ഹരിറാം, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ്, സിപിഒ റാങ്ക് ഹോൾഡേഴ്സ് സമര നേതാവ് എം. വിഷ്ണു, കെ.കെ.റഹീം, പി.പി.പ്രശാന്ത് കുമാർ, കെ.പി. സാൽവിൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് പ്രതിനിധി സമ്മേളനം ആരംഭിച്ചു. സഖാക്കൾ പി.പി.പ്രശാന്ത് കുമാർ, എം.കെ.ഉഷ, കെ.പി. സാൽവിൻ എന്നിവർ അംഗങ്ങളായ പ്രസീഡിയമാണ് നടപടിക്രമങ്ങൾ നിയന്ത്രിച്ചത്. രാജ്യത്തെ അതിഗുരുതരമായ തൊഴിലില്ലായ്മ പ്രശ്നത്തിന്റെ അടിസ്ഥാന കാരണം, മുതലാളിത്ത സാമൂഹ്യക്രമമാണെന്നും എല്ലാ പ്രക്ഷോഭങ്ങളും മുതലാളിത്ത വ്യവസ്ഥിതി അവസാനിപ്പിച്ച് ശാസ്ത്രീയ സോഷ്യലിസം സ്ഥാപിക്കാനുള്ള ലക്ഷ്യങ്ങൾക്ക് അനുരോധമാകണമെന്നും രാഷ്ട്രീയപ്രമേയം വ്യക്തമാക്കി. ശേഷം സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. മഹാപ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടേയും പ്രതിസന്ധികൾക്കിടയിലും വൈവിധ്യമാർന്ന പ്രവർത്തനങ്ങളോടൊപ്പം വീറ്റുറ്റ യുവജന പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുവാനും എഐഡിവൈഒയ്ക്ക് സാധിച്ചുവെന്ന് സംഘടനാ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചു. തൊഴിലിനുവേണ്ടി, പിഎസ്‌സി ഉദ്യോഗാർത്ഥികൾ നടത്തിയ അത്യ




ഇ.വി.പ്രകാശ് (പ്രസിഡന്റ്) പി.കെ.പ്രഭാഷ് (സെക്രട്ടറി)

സാധാരണമായ പ്രക്ഷോഭത്തോടൊപ്പം അചഞ്ചലം നിൽക്കുവാനും അവരുടെ സ്വാഭാവിക നേതൃത്വമാകാനും ഡിവൈഒയ്ക്ക് സാധിച്ചുവെന്നത് അതീവ പ്രാധാന്യമുള്ള കാര്യമായി റിപ്പോർട്ടിൽ വിശദീകരിച്ചു.

തുടർന്ന്, വിവിധ മേഖലകളിലെ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി 10 പ്രമേയങ്ങൾ അവതരിപ്പിച്ചത് സമ്മേളനം അംഗീകരിച്ചു. വരും കാലഘട്ടത്തിൽ, യുവജന പ്രക്ഷോഭങ്ങളെ നയിക്കുവാൻ പ്രാപ്തമായ സംസ്ഥാന നേതൃത്വത്തിന്റെ പാനൽ സഖാവ് എൻ.കെ.ബിജു അവതരിപ്പിച്ചു. സഖാക്കളേവരും സർവ്വാത്മനാ ആ പാനലിനെ പിൻതുണച്ചു. സഖാവ് ഇ.വി.പ്രകാശ് പ്രസിഡന്റായും സഖാവ് പി.കെ.പ്രഭാഷ് സെക്രട്ടറിയായും 35 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി ഉൾപ്പെടുന്ന 68 അംഗ സംസ്ഥാന കൗൺസിലും സമ്മേളനം തിരഞ്ഞെടുത്തു.

തുടർന്നുനടന്ന സമാപന സമ്മേളനത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ആർ. കുമാർ സമാപന സന്ദേശം നൽകി. അതിരൂക്ഷമായ തൊഴിലില്ലായ്മ,യുവജനങ്ങളെ തികഞ്ഞ അരക്ഷിതാവസ്ഥയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. ഉയർന്ന സംസ്കാരം പ്രദാനം ചെയ്ത്, അവരെ സമര ശക്തിയാക്കി വളർത്തിയെടുക്കുക എന്നതാണ് ഡിവൈഒ പ്രവർത്തകരുടെ ദൗത്യം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വിട്ടുവീഴ്ചയില്ലാതെ, ബ്രിട്ടീഷുകാരോട് പൊരുതിയ വിപ്ലവകാരികളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അത് നിർവ്വഹിക്കുവാൻ ഏവരും തയ്യാറാവണം, അദ്ദേഹം അഭ്യർത്ഥിച്ചു. സമ്മേളനം പകർന്നുനൽകിയ നവോന്മേഷത്തോടെ, ശക്തമായ യുവജന മുന്നേറ്റം വളർത്തിയെടുക്കുമെന്ന ദൃഢ നിശ്ചയത്തോടെയാണ് മൂന്നാമത് സംസ്ഥാന യുവജനസമ്മേളനം സമാപിച്ചത്. ■

## ബാങ്ക് സ്വകാര്യവത്കരണത്തെ ചെറുത്ത് പരാജയപ്പെടുത്തുക – എഐയുടിയുസി

**കോ**ർപ്പറേറ്റുകളുടെ താല്പര്യാർത്ഥം പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവത്കരിക്കുന്നതിനായി പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കാനുള്ള ബിജെപി ഗവൺമെന്റിന്റെ ജനദ്രോഹ നീക്കത്തെ എഐയുടിയുസി അഖിലേന്ത്യ കമ്മിറ്റി ശക്തമായി അപലപിച്ചു. ഒരു വർഷം പിന്നിട്ട ഐതിഹാസികമായ കർഷക സമരത്തിൽനിന്ന് പാഠമുൾക്കൊണ്ട്, ശക്തവും യോജിച്ചതുമായ സമരം വളർത്തിയെടുത്ത് ഈ നീക്കത്തെ ചെറുത്ത് പരാജയപ്പെടുത്താൻ ബാങ്ക് ജീവനക്കാരോടും അധ്വാനിച്ച് ജീവിക്കുന്നവരോടാകെയും എഐയുടിയുസി ആഹ്വാനം ചെയ്തു. ■

## ഉജ്ജ്വല വിജയം നേടിയ കർഷകരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് അഭിനന്ദിച്ചു

2021 നവംബർ 19ന്
പുറപ്പെടുവിച്ച പ്രസ്താവന

**ഫാ**സിസ്റ്റ് ബിജെപി നയിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഒടുവിൽ കർഷക പോരാട്ടത്തിന് മുന്നിൽ മുട്ടുകുത്തുകയും അവരുടെ ന്യായമായ ഡിമാന്റുകൾ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

നിശ്ചയദാർഢ്യത്തോടെയും തളരാതെയും നടത്തുന്ന സുദീർഘ പോരാട്ടത്തിലൂടെ മാത്രമേ, മുതലാളിവർഗ്ഗത്തെയും ബഹുരാഷ്ട്ര കുത്തകകളെയും സേവിക്കുന്ന ഭരണ കക്ഷികളുടെ ഹീനപദ്ധതികളെ പരാജയപ്പെടുത്താനാകൂ എന്ന് ഐതിഹാസിക വിജയം നേടിയ മഹത്തായ ഈ കർഷക പ്രക്ഷോഭം ഒരിക്കൽകൂടി തെളിയിച്ചിരിക്കുന്നു.

മർദ്ദിത ജനതയ്ക്കാകെ ഇത് വിലപ്പെട്ട പാഠമാണ്. ഈ പ്രക്ഷോഭത്തിൽ രക്തസാക്ഷികളായവർക്കും ഇപ്പോഴും പോരാട്ടം തുടരുന്ന കർഷകർക്കും ഞാൻ അരുണാഭമായ അഭിവാദ്യങ്ങളർപ്പിക്കുന്നു. ■




Volume: 48 No: 8 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.